## തദ്ദേശ തിരഞ്ഞെടുപ്പ് 2025

# ഇലക്ഷൻ ഗൈഡ്

## കണ്ണൂർ ജില്ല




**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കണ്ണൂർ**
**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗം-ലീപ് കേരള, കണ്ണൂർ**

## തദ്ദേശ തിരഞ്ഞെടുപ്പ് ടീം



**അരുൺ കെ. വിജയൻ** ഐഎഎസ്
ജില്ലാ കലക്ടർ & ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ




**ആർ. കീർത്തി**
ഐ.എഫ്.എസ്.
പൊതുനിരീക്ഷക



**നിധിൻരാജ്** ഐപിഎസ്
സിറ്റി പോലീസ്
കമ്മീഷണർ, കണ്ണൂർ



**അനൂജ് പലിവാൾ** ഐപിഎസ്
ജില്ലാ പോലീസ് മേധാവി,
കണ്ണൂർ റൂറൽ



**എഹ്തെദ മുഫസ്സിർ** ഐഎഎസ്
അസി. കലക്ടർ



**കാർത്തിക് പാണിഗ്രാഹി** ഐഎഎസ്
സബ് കലക്ടർ, തലശ്ശേരി



**കല ഭാസ്കർ**
എഡിഎം, കണ്ണൂർ



**ടി.ജെ. അരുൺ**
ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്



**കെ.കെ. ബിനി**
ഡെപ്യൂട്ടി കലക്ടർ
(ഇലക്ഷൻ)

# ആമുഖം

*'തിരഞ്ഞെടുപ്പുകൾ ജനങ്ങളുടേതാണ്'-*
*എബ്രഹാം ലിങ്കൺ*

നമ്മുടെ രാജ്യത്തിന്റെ മഹത്തായ ജനാധിപത്യ സമ്പ്രദായത്തിൽ നിർണായകമായ ഭാഗധേയമാണ് തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കുള്ളത്. ജനാധിപത്യത്തിന്റെ ഏറ്റവും പ്രത്യക്ഷമായ ചിഹ്നങ്ങളിലൊന്നാണ് തിരഞ്ഞെടുപ്പുകൾ. വോട്ട് ഓരോ പൗരന്റെയും ഏറ്റവും വലിയ അവകാശവുമാണ്.

അധികാര വികേന്ദ്രീകരണത്തിൽ ഏറ്റവും ശക്തവും ജനകീയവുമായ പ്രാദേശിക സർക്കാരുകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. പ്രാദേശികതലത്തിൽ ജനങ്ങൾക്ക് നേരിട്ട് അനുഭവവേദ്യമാകുന്ന വികസനപ്രവർത്തനങ്ങൾ  നിർവഹിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്, ഏറ്റവും കൂടുതൽ സ്ഥാനാർഥികൾ പങ്കെടുക്കുന്ന ജനാധിപത്യത്തിന്റെ ആഘോഷമാണ്. കണ്ണൂർ ജില്ലയിൽ ത്രിതല പഞ്ചായത്തുകളിലെയും നഗരസഭകളിലെയും 1812 തദ്ദേശവാർഡുകളിലേക്കാണ് 2025 ഡിസംബർ 11ന് വോട്ടെടുപ്പ് നടക്കുന്നത്. ഡിസംബർ 13ന് വോട്ടെണ്ണൽ നടക്കും.

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന്റെ പ്രധാനപ്പെട്ട വിവരങ്ങളും മാതൃകാ പെരുമാറ്റച്ചട്ടങ്ങളും തിരഞ്ഞെടുപ്പിന്റെ വിവിധ ചുമതലകൾ നിർവഹിക്കുന്ന ഉദ്യോഗസ്ഥരുടെ വിശദാംശങ്ങളും ഉൾപ്പെടുത്തിയുള്ളതാണ് ഈ ഇലക്ഷൻ ഗൈഡ്. സുതാര്യതയും അവസര സമത്വവും ഉറപ്പ് വരുത്തി തിരഞ്ഞെടുപ്പ് പ്രക്രിയ കുറ്റമറ്റതാക്കാനുള്ള നടപടികളാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെയും ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗത്തിന്റെയും നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നത്. ഇക്കാര്യങ്ങളെല്ലാം ഓരോ പൗരനും രാഷ്ട്രീയ പ്രവർത്തകർക്കും മാധ്യമ പ്രവർത്തകർക്കും അറിയുന്നതിന് ഈ ഗൈഡ് സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു. ജനാധിപത്യത്തിന്റെ മഹോത്സവത്തിൽ എല്ലാവരും പങ്കാളികളാവുക.

**അരുൺ കെ. വിജയൻ ഐ എ എസ്**
ജില്ലാ കലക്ടർ & ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ
കണ്ണൂർ

# തദ്ദേശ തിരഞ്ഞെടുപ്പ് 2025
# ഇലക്ഷൻ ഗൈഡ് കണ്ണൂർ ജില്ല

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്,**
**കണ്ണൂർ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗം-ലീപ് കേരള, കണ്ണൂർ**

ചീഫ് എഡിറ്റർ
**അരുൺ കെ വിജയൻ** ഐഎഎസ്
ജില്ലാ കലക്ടർ ആന്റ് ജില്ലാ ഇലക്ഷൻ ഓഫീസർ

എഡിറ്റർ
**പി.പി വിനീഷ്**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ

അസിസ്റ്റന്റ് എഡിറ്റർ
**സൗമ്യ മത്തായി**

അസി. ഇൻഫർമേഷൻ ഓഫീസർ
**സി.ജി ആശ**

**ടി. നേഹ,** സബ് എഡിറ്റർ
**സി, സായൂജ് ചന്ദ്രൻ,** കണ്ടൻറ് എഡിറ്റർ

ഇൻഫർമേഷൻ അസിസ്റ്റൻറ്
**സ്റ്റെനിസൺ ബേബി, ഒ. അനുഗ്രഹ,**
**ദൃശ്യ ദിവാകരൻ സി., കെ അശ്വതി**

മുഖചിത്രം: **രാജേഷ് കരേള**

ചിത്രങ്ങൾ: **കെ ജയപ്രകാശ്, കെ.വി. രവീന്ദ്രനാഥ്,**
**അബൂബക്കർ എംവി, വിനോദ് പി**

ബാക്ക് കവർ: **എ ഐ ഇമേജസ് ചാറ്റ് ജിപിടി**
ടൈപ്പ് സെറ്റ്: **ജ്യോതിന ദേവ് പി**
ഓഫീസ്: **നിജ പി, കെ.കെ രമേഷ് കുമാർ,**
**വിദ്യ എം, എസ് കെ രജീഷ്**
രൂപകൽപന: **പി.പി. രാജീവൻ**
അച്ചടി: **കോ ഓപ്പറേറ്റീവ് പ്രസ്, കണ്ണൂർ.**
കോപ്പികൾ: 500

സൗജന്യ വിതരണത്തിന്




**മുഖചിത്രം:**
പയ്യന്നൂർ
നിയോജക
മണ്ഡലത്തിലെ
ചെറുപുഴ ഗ്രാമ
പഞ്ചായത്തിലെ
97 വയസ്സുള്ള
വോട്ടറായ
കക്കോട്
പുതിയറക്കാൽ
ചിയ്യേയി അമ്മ

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
# 2025ലെ പൊതുതിരഞ്ഞെടുപ്പ് കാര്യപരിപാടി

| | |
|---|---|
| തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനവും വരണാധികാരി പുറപ്പെടുവിക്കുന്ന തിരഞ്ഞെടുപ്പ് നോട്ടീസ് പരസ്യപ്പെടുത്തലും | 2025 നവംബർ 14 (വെള്ളി) |
| നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | 2025 നവംബർ 21 (വെള്ളി) |
| നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | 2025 നവംബർ 22 (ശനി) |
| സ്ഥാനാർഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി | 2025 നവംബർ 24 (തിങ്കൾ) |
| ആവശ്യമുള്ള പക്ഷം ജില്ലകളിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതി (സമയം രാവിലെ 7 മുതൽ വൈകുന്നേരം 6 മണി വരെ) | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ 2025 ഡിസംബർ 9 (ചൊവ്വ)<br><br>തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 2025 ഡിസംബർ 11 (വ്യാഴം) |
| വോട്ടെണ്ണൽ നടത്തുന്നതിനുള്ള തീയതി (വോട്ടെണ്ണൽ അന്നേ ദിവസം രാവിലെ എട്ട് മണിക്ക് ആരംഭിക്കേണ്ടതാണ്) | 2025 ഡിസംബർ 13 (ശനി) |
| തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതി | 2025 ഡിസംബർ 18 (വ്യാഴം) |



# പ്രചാരണപ്രവർത്തനങ്ങൾ സമാധാനപരമായിരിക്കണം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനുള്ള പ്രചാരണപ്രവർത്തനങ്ങൾ തിരഞ്ഞെടുപ്പ് നിയമങ്ങളും മാതൃകാപെരുമാറ്റ ചട്ടവും പാലിച്ചുവേണം നടത്താനെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ രാഷ്ട്രീയപാർട്ടികളോടും സ്ഥാനാർഥികളോടും ആവശ്യപ്പെട്ടു.

സമാധാനപൂർണമായ പ്രചാരണ പ്രവർത്തനങ്ങളിലൂടെ തിരഞ്ഞെടുപ്പ് നീതിപൂർവവും, നിഷ്പക്ഷവും, സുതാര്യവുമായി നടത്തുന്നതിന് എല്ലാ സ്ഥാനാർഥികളും രാഷ്ട്രീയപാർട്ടികളും സഹകരിക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ അഭ്യർത്ഥിച്ചു.

മാതൃകാപെരുമാറ്റചട്ടം, ഹരിതചട്ടപാലനം, മറ്റ് തിരഞ്ഞെടുപ്പ് നിയമങ്ങൾ എന്നിവ എല്ലാവരും പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും തിരഞ്ഞെടുപ്പ് നിരീക്ഷകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പോസ്റ്റൽ ബാലറ്റ് വിതരണം ചെയ്യാൻ വരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാനാർഥികൾ പ്രചാരണത്തിനായി തുക ചെലവിടുന്നത് നിയമാനുസൃതമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ തിരഞ്ഞെടുപ്പ് ചെലവ് നിരീക്ഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്ഥാനാർഥികളും പാർട്ടികളും നടത്തുന്ന പ്രചാരണ പ്രവർത്തനങ്ങളിൽ ചട്ടലംഘനമുണ്ടായാൽ കർശന നടപടി സ്വീകരിക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിട്ടുണ്ട്.

ഭിന്നതകളും തർക്കങ്ങളും ഉണ്ടാക്കുന്നതോ, പരസ്പരം വെറുപ്പ് സൃഷ്ടിക്കുന്നതോ, വിവിധ ജാതിക്കാർ, സമുദായങ്ങൾ, മതക്കാർ, ഭാഷാവിഭാഗങ്ങൾ എന്നിവർക്കിടയിൽ സംഘർഷം ഉണ്ടാക്കുന്നതോ ആയ ഒരു പ്രവർത്തനത്തിലും രാഷ്ട്രീയപാർട്ടികളും സ്ഥാനാർത്ഥികളും ഏർപ്പെടാൻ പാടില്ല -കമ്മീഷണർ പറഞ്ഞു.

# പ്രധാനപ്പെട്ട ഫോൺ നമ്പറുകൾ

**അരുൺ കെ വിജയൻ ഐ.എ.എസ്**
ജില്ലാ കലക്ടർ/ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ
Mob: 9447029015
04972 700243 (Office), 04972 704243 (FAX)
dcknr.ker@nic.in

**നിധിൻരാജ് പി ഐ പി എസ്**
സിറ്റി പോലീസ് കമ്മീഷണർ
Mob: 9497996973
04972 763330 (Office), 04972 763330 (FAX)
spknr.pol@kerala.gov.in

**അനൂജ് പലിവാൾ ഐ പി എസ്**
റൂറൽ ജില്ലാ പോലീസ് മേധാവി
Mob: 9497996900
04972780100 (Office)
spknrl.pol@kerala.gov.in

**കലാ ഭാസ്കർ**
അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്
Mob: 9447766780
04972 700577 (Office), 04972 700577 (FAX)
admkan.ker@nic.in

**കെ.കെ ബിനി**
ഡെപ്യൂട്ടി കലക്ടർ, ഇലക്ഷൻ
Mob: 8547616032
04972 708560 (Office), 04972 709140 (FAX)
electionkannur2024@gmail.com

**അരുൺ ടി.ജെ**
ജോയിന്റ് ഡയറക്ടർ എൽ എസ് ജി ഡി
Mob: 9447284277
04972700081 (Office),
jdlsgdknr@gmail.com

## ആർ കീർത്തി കണ്ണൂർ ജില്ലയിലെ പൊതു നിരീക്ഷക

തദ്ദേശഭരണ തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ പൊതുനിരീക്ഷകയായി ഐഎഫ്എസ് ഉദ്യോഗസ്ഥ യായ ആർ കീർത്തിയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ചു. കോഴിക്കോട് ഫോറസ്റ്റ് കൺസർവേറ്ററുടെ പൂർണ ചുമതല വഹിക്കുന്നു.

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികളുണ്ടെങ്കിൽ പൊതുനിരീക്ഷകയെ അറിയിക്കാവുന്നതാണ്. ഫോൺ: 9447979150. ആവശ്യമെങ്കിൽ കണ്ണൂർ പയ്യാമ്പലം ഗവ. ഗസ്റ്റ് ഹൗസിൽ എല്ലാ ദിവസവും രാവിലെ എട്ട് മണി മുതൽ ഒമ്പത് മണി വരെയും രാത്രി ഏഴ് മുതൽ എട്ട് മണി വരെയും മുൻകൂട്ടി അറിയിച്ച് കൂടിക്കാഴ്ച നടത്താവുന്നതാണെന്നും അറി യിച്ചു.

കണ്ണൂർ സർവകലാശാല ഡെപ്യൂട്ടി ലൈബ്രേറിയൻ ഡോ. ടി.കെ പ്രിയ പൊ തുനിരീക്ഷകയുടെ ലെയ്സൺ ഓഫീസറാണ്. ഫോൺ: 9446668080

തിരഞ്ഞെടുപ്പ് ചെലവുകൾ നിരീക്ഷിക്കുന്നതിനായി ജില്ലയിലെ ചെലവ് നി രീക്ഷകരേയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ചു.

**ജില്ലയിലെ ചെലവ് നിരീക്ഷകർ:**

**ജോഷോ ബെന്നറ്റ് ജോൺ:** പയ്യന്നൂർ ബ്ലോക്ക്, കല്ല്യാശ്ശേരി ബ്ലോക്ക്, പയ്യ ന്നൂർ നഗരസഭ. **സുനിൽ ദാസ് എസ്:** തളിപ്പറമ്പ് ബ്ലോക്ക്, ആന്തൂർ നഗര സഭ, തളിപ്പറമ്പ് നഗരസഭ, ശ്രീകണ്ഠാപുരം നഗരസഭ. **ഇർഷാദ് എം എസ്:** ഇരിക്കൂർ ബ്ലോക്ക്, ഇരിട്ടി ബ്ലോക്ക്, ഇരിട്ടി നഗരസഭ. **അഗസ്റ്റിൻ ഒ കെ:** പേരാവൂർ ബ്ലോക്ക്, കൂത്തുപറമ്പ് ബ്ലോക്ക്, കൂത്തുപറമ്പ് നഗരസഭ. **വിപിൻ വിജയൻ:** പാനൂർ നഗരസഭ, തലശ്ശേരി നഗരസഭ, പാനൂർ ബ്ലോക്ക്, തലശ്ശേ രി ബ്ലോക്ക്. **സന്തോഷ് കുമാർ ബി:** എടക്കാട് ബ്ലോക്ക്, കണ്ണൂർ ബ്ലോക്ക്. **സൂര്യനാരായണൻ എം.ഡി:** കണ്ണൂർ കോർപറേഷൻ.

## ജില്ലാതല നോഡൽ ഓഫീസർമാർ

ഇ-ഡ്രോപ്പ് & എം.സി.സി: കലാഭാസ്കർ, എ.ഡി.എം. കണ്ണൂർ -9447766780

ഇ-ഡ്രോപ്പ് ടെക്നിക്കൽ: റിജിഷ കെ.വി., ജില്ലാ ഇൻഫോർമാറ്റിക് ഓഫീസർ, കണ്ണൂർ -8547611381

എം.സി.സി. മോണിറ്ററിംഗ് കമ്മിറ്റി (കൺവീനർ): അരുൺ ടി.ജെ., ജോയിന്റ് ഡയരക്ടർ, എൽ.എസ്.ജി.ഡി. കണ്ണൂർ-9447284277

ഇ.വി.എം. മാനേജ്മെന്റ്: സുഭാഷ് ടി.വി., അസിസ്റ്റന്റ് ഡയറക്ടർ, എൽ. എസ്.ജി.ഡി., കണ്ണൂർ -7907759120, 9847394444

പരിശീലനം: മഞ്ജൂഷ പി.വി.കെ., ഐ.വി.ഒ., എൽ.എസ്.ജി.ഡി., കണ്ണൂർ -9447426618

പോലീസ് - സിറ്റി: എ.വി. ജോൺ, അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് -9497990134

പോലീസ് – റൂറൽ: കെ.എസ്. ഷാജി, അഡീഷണൽ എസ്.പി., കണ്ണൂർ റൂറൽ – 9497990133

(ലെയ്സൺ: സുഭാഷ് പി., ഡി.വൈ.എസ്.പി., സ്പെഷ്യൽ ബ്രാഞ്ച് – 9497940937)

മെറ്റീരിയൽ മാനേജ്മെന്റ്: സുനിഷ, സ്പെഷ്യൽ തഹസിൽദാർ, എൽഎ എൻഎച്ച്, കണ്ണൂർ– 9400782647

ജില്ലാ പഞ്ചായത്ത് വരണാധികാരിയെ സഹായിക്കാനുള്ള നോഡൽ ഓഫീസർ: തദ്ദേശ സ്വയംഭരണ വകുപ്പ് അസി. ഡയറക്ടർ ഉമേഷ് ബാബു കോട്ടായി.,കണ്ണൂർ – 9497209035

വിതരണം, സ്വീകരണം, വോട്ടെണ്ണൽ: ഡോ. എം. സുർജിത്ത്, അസിസ്റ്റന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി., കണ്ണൂർ – 9847014647

മീഡിയ & ഇൻഫർമേഷൻ: വിനീഷ് പി.പി., ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഐ & പി.ആർ.ഡി., കണ്ണൂർ – 9496425699

വെഹിക്കിൾ & ട്രാൻസ്പോർട്ട് മാനേജ്മെന്റ്: ഇ.എസ്. ഉണ്ണികൃഷ്ണൻ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, കണ്ണൂർ– 9447850529

വെബ്-കാസ്റ്റിംഗ്: ബിന്ദു പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് സബ് ഡിവിഷൻ, കണ്ണൂർ– 9846670337

വീഡിയോഗ്രഫി: ഇ. ഷറഫുദ്ദീൻ കെ.എ.എസ്., ഡെപ്യൂട്ടി കളക്ടർ & ചെയർമാൻ, സോണൽ താലൂക്ക് ലാൻഡ് ബോർഡ്, കണ്ണൂർ – 7012418657

ഗ്രീൻ പ്രോട്ടോക്കോൾ: കെ.എം. സുനിൽകുമാർ, ജില്ലാ കോർഡിനേറ്റർ, ശുചിത്വ മിഷൻ – 9400400955

കണക്റ്റിവിറ്റി: മിഥുൻ കൃഷ്ണ സി.എം., ഡി.പി.എം., കെ.എസ്.ഐ.ടി.എം., കണ്ണൂർ– 9497715811

ബി.എസ്.എൻ.എൽ: ഷീന സി.വി., എ.ജി.എം.(ഒ.പി.), ബി.എസ്.എൻ.എൽ., കണ്ണൂർ –9446574274

കെ.എസ്.ഇ.ബി: ലത ടി.കെ., ഇ.ഇ., ഇലക്ട്രിക്കൽ ഡിവിഷൻ, കണ്ണൂർ –9446008340

കെസ്വാൻ (KSWAN): നിധിൻ, ഡി.എച്ച്.ക്യൂ., ജില്ലാ ഇൻചാർജ്, കണ്ണൂർ– 8589821177

ഒബ്സർവർ: വിജിത്ത് സി., അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ, എസ്.ജി.എസ്.ടി. കണ്ണൂർ– 9496834580

ആന്റി ഡീഫേസ്മെന്റ് സ്ക്വാഡ് ജില്ലാ ചുമതല: ഡോ. സിബി എൻ., കെ.എ.എസ്., ഡെപ്യൂട്ടി കളക്ടർ, അപ്പലേറ്റ് അതോറിറ്റി (എൽ.ആർ.) കണ്ണൂർ – 8921218055

എ.എം.എഫ്. (AMF): ഹരിദാസ് സി.എം., അസിസ്റ്റന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി., കണ്ണൂർ – 9605421864

**തിരഞ്ഞെടുപ്പ് 92 തദ്ദേശ സ്ഥാപനങ്ങളിലെ 1812 വാർഡുകളിലേക്ക്**

കണ്ണൂർ ജില്ലയിൽ 2025ലെ തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് നടക്കുന്നത് 92 തദ്ദേശ സ്ഥാപനങ്ങളിലെ ആകെ 1812 വാർഡുകളിലേക്കാണ്. 71 ഗ്രാമ പഞ്ചായത്തുകളിലായി 1271 വാർഡുകൾ, 11 ബ്ലോക്ക് പഞ്ചായത്തുകളിലായി 162 വാർഡുകൾ, ജില്ലാ പഞ്ചായത്തിൽ 25 ഡിവിഷനുകൾ, മട്ടന്നൂർ ഒഴികെ എട്ട് നഗരസഭകളിലായി 298 വാർഡുകൾ, കണ്ണൂർ കോർപ്പറേഷനിലെ 56 ഡിവിഷനുകൾ എന്നിവിടങ്ങളിലേക്കാണ് തിരഞ്ഞെടുപ്പ്. മട്ടന്നൂർ നഗരസഭയിലെ തിരഞ്ഞെടുപ്പ് 2027ലാണ്. ഡീലിമിറ്റേഷന് ശേഷം കണ്ണൂർ ജില്ലയിലെ തദ്ദേശ വാർഡുകൾ മട്ടന്നൂർ നഗരസഭ ഉൾപ്പെടെ ആകെ 1847. 129 വാർഡുകൾ കൂടി. ഡീലിമിറ്റേഷന് മുമ്പുള്ള വാർഡുകൾ ഗ്രാമപഞ്ചായത്ത്-1166, ബ്ലോക്ക് പഞ്ചായത്ത്-149, മട്ടന്നൂർ ഉൾപ്പെടെ നഗരസഭ-324, ജില്ലാ പഞ്ചായത്ത്-24, കോർപറേഷൻ-55 എന്നിങ്ങനെയാണ്. ഗ്രാമപഞ്ചായത്തുകൾ 71 ആകെ വാർഡുകൾ 1271

**ഗ്രാമപഞ്ചായത്ത് - വാർഡ്**

1 ചെറുതാഴം- 19
2 മാടായി- 22
3 ഏഴോം -15
4 ചെറുകുന്ന് -14
5 മാട്ടൂൽ -19
6 കണ്ണപുരം- 15
7 കല്ല്യാശ്ശേരി -20
8 നാറാത്ത് -18
9 ചെറുപുഴ- 20
10 പെരിങ്ങോം-വയക്കര-19
11 എരമം-കുറ്റൂർ-19
12 കാങ്കോൽ-ആലപ്പടമ്പ -15
13 കരിവെള്ളൂർ-പെരളം-16
14 കുഞ്ഞിമംഗലം-15
15 രാമന്തളി-18
16 ഉദയഗിരി -15
17 ആലക്കോട്-21
18 നടുവിൽ- 20
19 ചപ്പാരപ്പടവ്-20
20 ചെങ്ങളായി -20
21 കുറുമാത്തൂർ- 20
22 പരിയാരം - 21
23 പട്ടുവം-14
24 കടന്നപ്പള്ളി-പാണപ്പുഴ-16
25 ഇരിക്കൂർ- 14
26 എരുവേശ്ശി- 15
27 മലപ്പട്ടം- 14
28 പയ്യാവൂർ -17
29 മയ്യിൽ- 19
30 പടിയൂർ-കല്യാട്-16
31 ഉളിക്കൽ -22
32 കുറ്റ്യാട്ടൂർ- 18
33 ചിറക്കൽ- 24
34 വളപട്ടണം -14
35 അഴീക്കോട്-24
36 പാപ്പിനിശ്ശേരി-22
37 കൊളച്ചേരി- 19
38 മുണ്ടേരി- 22
39 ചെമ്പിലോട്- 21
40 കടമ്പൂർ -15
41 പെരളശ്ശേരി- 19
42 മുഴപ്പിലങ്ങാട് -17
43 വേങ്ങാട് -23
44 ധർമ്മടം -20
45 എരഞ്ഞോളി -18
46 പിണറായി -21
47 ന്യൂ മാഹി- 14
48 അഞ്ചരക്കണ്ടി- 17
49 തൃപ്പങ്ങോട്ടൂർ- 19
50 ചിറ്റാരിപറമ്പ്- 17
51 പാട്യം-20
52 കുന്നോത്തുപറമ്പ്-23
53 മാങ്ങാട്ടിടം- 21
54 കോട്ടയം- 15
55 ചൊക്ലി -19

56 പന്ന്യന്നൂർ -16
57 മൊകേരി -15
58 കതിരൂർ - 20
59 ആറളം- 19
60 അയ്യൻകുന്ന് -16
61 കീഴല്ലൂർ -16
62 തില്ലങ്കേരി- 14
63 കൂടാളി- 20
64 പായം -19
65 കണിച്ചാർ- 14
66 കേളകം - 14
67 കൊട്ടിയൂർ -14
68 മുഴക്കുന്ന് -16
69 കോളയാട്- 15
70 മാലൂർ - 16
71 പേരാവൂർ - 17

**ബ്ലോക്ക് പഞ്ചായത്തുകൾ 11**
**ആകെ വാർഡുകൾ -162**
**ബ്ലോക്ക് പഞ്ചായത്ത് വാർഡ്**

1. കല്ല്യാശ്ശേരി - 16
2 പയ്യന്നൂർ -14
3 തളിപ്പറമ്പ് - 17
4 ഇരിക്കൂർ - 15
5 കണ്ണൂർ- 14
6 എടക്കാട്- 14
7 തലശ്ശേരി -15
8 കൂത്തുപറമ്പ് -15
9 പാനൂർ -14
10 ഇരിട്ടി -14
11 പേരാവൂർ - 14

**കണ്ണൂർ ജില്ലാപഞ്ചായത്ത് ഡിവിഷനുകൾ**

1. കരിവെള്ളൂർ
2. മാതമംഗലം
3. നടുവിൽ
4. പയ്യാവൂർ
5. പടിയൂർ
6. പേരാവൂർ
7. കൊട്ടിയൂർ
8. കോളയാട്
9. കൊളവല്ലൂർ
10. പാട്യം
11. പന്ന്യന്നൂർ
12. കതിരൂർ
13. പിണറായി
14. പെരളശ്ശേരി
15. അഞ്ചരക്കണ്ടി
16. കൂടാളി
17. മയ്യിൽ
18. കൊളച്ചേരി
19. അഴീക്കോട്
20. കല്ല്യാശ്ശേരി
21. മാട്ടൂൽ
22. ചെറുകുന്ന്
23. കുറുമാത്തൂർ
24. പരിയാരം
25. കുഞ്ഞിമംഗലം

**കണ്ണൂർ കോർപറേഷൻ ഡിവിഷനുകൾ**

1. പള്ളിയാംമൂല
2. കുന്നാവ്
3. കൊക്കേൻപാറ
4. പള്ളിക്കുന്ന്
5. തളാപ്പ്
6. ഉദയംകുന്ന്
7. പൊടിക്കുണ്ട്
8. കൊറ്റാളി
9. അത്താഴക്കുന്ന്
10. കക്കാട്
11. തുളിച്ചേരി
12. കക്കാട് നോർത്ത്
13. ശാദുലിപ്പള്ളി
14. പള്ളിപ്രം
15. വാരം
16. വലിയന്നൂർ
17. ചേലോറ
18. മാച്ചേരി
19. പള്ളിപ്പൊയിൽ
20. കാപ്പാട്
21. എളയാവൂർ നോർത്ത്
22. എളയാവൂർ സൗത്ത്
23. മുണ്ടയാട്
24. എടചൊവ്വ
25. അതിരകം

26. കാപ്പിച്ചേരി
27. മേലേചൊവ്വ
28. താഴെചൊവ്വ
29. കിഴുത്തള്ളി
30. തിലാന്നൂർ
31. ആറ്റടപ്പ
32. ചാല
33. എടക്കാട്
34. ഏഴര
35. ആലിങ്കീൽ
36. കിഴുന്ന
37. തോട്ടട
38. ആദികടലായി
39. കുറുവ
40. പടന്ന
41. വെറ്റിലപ്പള്ളി
42. നീർച്ചാൽ
43. അറക്കൽ
44. ചൊവ്വ
45. താണ
46. സൗത്ത് ബസാർ
47. ടെമ്പിൾ
48. തായത്തെരു
49. കസാനകോട്ട
50. ആയിക്കര
51. കാനത്തൂർ
52. താളിക്കാവ്
53. പയ്യാമ്പലം
54. ചാലാട്
55. പഞ്ഞിക്കയിൽ
56. കാഞ്ഞിര

**മുനിസിപ്പാലിറ്റികൾ- 9**
**ആകെ വാർഡുകൾ -333**
**മുൻസിപ്പാലിറ്റികൾ വാർഡുകൾ**

1 തളിപ്പറമ്പ് - 35
2 കൂത്തുപറമ്പ്-29
3 തലശ്ശേരി-53
4 പയ്യന്നൂർ-46
5 മട്ടന്നൂർ-35*
6 ഇരിട്ടി-34
7 പാനൂർ-41
8 ശ്രീകണ്ഠപുരം-31
9 ആന്തൂർ-29

*മട്ടന്നൂർ നഗരസഭയിൽ തിരഞ്ഞെടുപ്പ് 2027ൽ



| ജില്ലയിലെ ആകെ വോട്ടർമാർ 20,92,681* | | | | | | |
|---|---|---|---|---|---|---|
| # | Details | Total | | | | PRAVASI |
| | | M | F | TG | Total | |
| 1 | C13006-Kannur | 87856 | 105207 | 0 | 193063 | 16 |
| 2 | G13001-Cheruthazham | 10920 | 12972 | 0 | 23892 | 0 |
| 3 | G13002-Madayi | 11794 | 14829 | 0 | 26623 | 17 |
| 4 | G13003-Ezhome | 7266 | 9103 | 0 | 16369 | 3 |
| 5 | G13004-Cherukunnu | 5243 | 6994 | 0 | 12237 | 2 |
| 6 | G13005-Mattool | 10986 | 12747 | 0 | 23733 | 6 |
| 7 | G13006-Kannapuram | 6897 | 8459 | 0 | 15356 | 1 |
| 8 | G13007-Kalliassery | 10987 | 13542 | 0 | 24529 | 3 |
| 9 | G13008-Narath | 10285 | 12960 | 0 | 23245 | 3 |
| 10 | G13009-Cherupuzha | 13238 | 14391 | 0 | 27629 | 0 |
| 11 | G13010-Peringome Vayakkara | 10600 | 12455 | 0 | 23055 | 5 |
| 12 | G13011-Eramam- Kuttoor | 10740 | 12505 | 0 | 23245 | 2 |
| 13 | G13012-Kankole- Alapadamba | 7398 | 8396 | 0 | 15794 | 0 |
| 14 | G13013-Karivellur- Peralam | 8283 | 9525 | 0 | 17808 | 1 |
| 15 | G13014-Kunhimangalam | 7568 | 9387 | 0 | 16955 | 16 |
| 16 | G13015-Ramanthali | 8306 | 10267 | 0 | 18573 | 15 |
| 17 | G13016-Udayagiri | 7124 | 6966 | 1 | 14091 | 0 |
| 18 | G13017-Alakode | 13839 | 13803 | 0 | 27642 | 0 |
| 19 | G13018-Naduvil | 12092 | 12346 | 0 | 24438 | 0 |
| 20 | G13019-Chapparapadavu | 12952 | 13741 | 1 | 26694 | 1 |
| 21 | G13020-Chengalayi | 12270 | 14005 | 1 | 26276 | 24 |
| 22 | G13021-Kurumathoor | 12238 | 14908 | 0 | 27146 | 4 |
| 23 | G13022-Pariyaram | 14288 | 16787 | 1 | 31076 | 3 |
| 24 | G13023-Pattuvam | 5929 | 7290 | 0 | 13219 | 1 |
| 25 | G13024-Kadannappalli- Panappuzha | 8515 | 10218 | 0 | 18733 | 1 |
| 26 | G13025-Irikkur | 5700 | 6365 | 0 | 12065 | 1 |
| 27 | G13026-Eruvessy | 7539 | 7563 | 0 | 15102 | 0 |
| 28 | G13027-Malappattam | 3505 | 4219 | 0 | 7724 | 0 |
| 29 | G13028-Payyavoor | 9275 | 9810 | 0 | 19085 | 0 |
| 30 | G13029-Mayyil | 11147 | 13707 | 0 | 24854 | 2 |
| 31 | G13031-Padiyoor Kalliad | 8767 | 9441 | 0 | 18208 | 0 |
| 32 | G13032-Ulikkal | 15391 | 16391 | 1 | 31783 | 0 |
| 33 | G13033-Kuttiattoor | 10373 | 12112 | 0 | 22485 | 2 |
| 34 | G13034-Chirakkal | 16754 | 20172 | 1 | 36927 | 11 |
| 35 | G13037-Valapattanam | 3405 | 3621 | 0 | 7026 | 3 |
| 36 | G13038-Azheekode | 16615 | 20670 | 0 | 37285 | 3 |
| 37 | G13039-Pappinissery | 13072 | 15962 | 0 | 29034 | 3 |
| 38 | G13040-Kolachery | 11004 | 13206 | 1 | 24211 | 9 |
| 39 | G13041-Munderi | 15431 | 18333 | 0 | 33764 | 17 |
| 40 | G13045-Chembilode | 13629 | 16375 | 0 | 30004 | 5 |
| 41 | G13046-Kadambur | 7869 | 9343 | 0 | 17212 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 42 | G13047-Peralassery | 11821 | 13949 | 0 | 25770 | 4 |
| 43 | G13048-Muzhappilangad | 8910 | 10763 | 0 | 19673 | 6 |
| 44 | G13049-Vengad | 15795 | 18402 | 0 | 34197 | 5 |
| 45 | G13050-Dharmadam | 11250 | 13986 | 0 | 25236 | 0 |
| 46 | G13051-Eranholi | 9775 | 11908 | 0 | 21683 | 1 |
| 47 | G13052-Pinarayi | 13429 | 16236 | 0 | 29665 | 0 |
| 48 | G13053-New Mahe | 6002 | 7626 | 0 | 13628 | 29 |
| 49 | G13054-Ancharakandy | 9102 | 10942 | 0 | 20044 | 3 |
| 50 | G13055-Thripangottoor | 13257 | 15008 | 0 | 28265 | 236 |
| 51 | G13056-Chittariparamba | 9081 | 10714 | 0 | 19795 | 7 |
| 52 | G13057-Pattiam | 11936 | 14132 | 0 | 26068 | 7 |
| 53 | G13058-Kunnothuparamba | 17129 | 20107 | 0 | 37236 | 18 |
| 54 | G13059-Mangattidam | 13576 | 16035 | 0 | 29611 | 0 |
| 55 | G13060-Kottayam | 7691 | 9146 | 1 | 16838 | 30 |
| 56 | G13061-chockli | 11247 | 13509 | 0 | 24756 | 2 |
| 57 | G13065-Panniyannur | 8518 | 10073 | 0 | 18591 | 1 |
| 58 | G13066-Mokeri | 7974 | 9468 | 0 | 17442 | 0 |
| 59 | G13067-Kadirur | 10765 | 13376 | 0 | 24141 | 2 |
| 60 | G13068-Aralam | 11671 | 12728 | 0 | 24399 | 4 |
| 61 | G13069-Ayyankunnu | 9975 | 9754 | 0 | 19729 | 0 |
| 62 | G13070-Keezhallur | 7933 | 9302 | 0 | 17235 | 25 |
| 63 | G13071-Thillankeri | 5950 | 6817 | 0 | 12767 | 0 |
| 64 | G13072-Koodali | 11949 | 13869 | 0 | 25818 | 6 |
| 65 | G13073-Payam | 11375 | 12578 | 0 | 23953 | 3 |
| 66 | G13075-Kanichar | 6409 | 6718 | 0 | 13127 | 0 |
| 67 | G13076-Kelakam | 6967 | 7170 | 0 | 14137 | 3 |
| 68 | G13077-Kottiyoor | 7081 | 7280 | 0 | 14361 | 2 |
| 69 | G13078-Muzhakkunnu | 9080 | 9910 | 0 | 18990 | 2 |
| 70 | G13079-Kolayad | 7951 | 8873 | 0 | 16824 | 3 |
| 71 | G13080-Malur | 9137 | 10668 | 0 | 19805 | 32 |
| 72 | G13081-Peravoor | 9912 | 11463 | 0 | 21375 | 1 |
| 73 | M13053-Taliparamba | 16485 | 18446 | 0 | 34931 | 3 |
| 74 | M13054-Koothuparamba | 11865 | 14157 | 0 | 26022 | 3 |
| 75 | M13055-Thalassery | 33507 | 39760 | 0 | 73267 | 11 |
| 76 | M13056-Payyannur | 28600 | 33560 | 0 | 62160 | 1 |
| 78 | M13083-Iritty | 16849 | 18890 | 0 | 35739 | 24 |
| 79 | M13084-Panoor | 25227 | 29115 | 0 | 54342 | 18 |
| 80 | M13085-Sreekandapuram | 13659 | 15106 | 1 | 28766 | 3 |
| 81 | M13086-Anthoor | 10524 | 12903 | 0 | 23427 | 3 |
| Total | | 966454 | 1125540 | 9 | 2092003 | 678 |

(മട്ടന്നൂർ നഗരസഭ ഒഴികെ - 2025 നവംബർ) C - Corporation, G - Grama Panchayat, M - Municipality

# ജില്ലയിൽ 2305 പോളിംഗ് ബൂത്തുകൾ

ജില്ലയിൽ പഞ്ചായത്തുകളിൽ 1827, നഗരസഭകളിൽ 478 എന്നിങ്ങനെ ആകെ പോളിംഗ് ബൂത്തുകൾ 2305.

# വോട്ടെണ്ണൽ, വിതരണ, സ്വീകരണ കേന്ദ്രങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന പൊതുതിരഞ്ഞെടുപ്പിനായി പോളിംഗ് സ്റ്റേഷനുകളിലേക്കുള്ള സാധന സാമഗ്രികളുടെ വിതരണത്തിനും വോട്ടെടുപ്പിന് ശേഷമുള്ള അവയുടെ ശേഖരണത്തിനും സ്ട്രോങ് റൂമുകളും വോട്ടെണ്ണൽ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനുള്ള കേന്ദ്രങ്ങളുടെ പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചു.

**വോട്ടെണ്ണൽ, വിതരണ, സ്വീകരണ കേന്ദ്രങ്ങളുടെ പട്ടിക ചുവടെ:**

1. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ എരുവേശ്ശി, പയ്യാവൂർ, ഉളിക്കൽ, പടിയൂർ, ഇരിക്കൂർ, മലപ്പട്ടം, കുറ്റ്യാട്ടൂർ, മയ്യിൽ ഗ്രാമപഞ്ചായത്തുകൾ: പട്ടാന്നൂർ കെ.പി.സി ഹയർ സെക്കൻഡറി സ്കൂൾ നായാട്ടുപാറ.

2. പേരാവൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ കണിച്ചാർ, കേളകം, കൊട്ടിയൂർ, കോളയാട്, പേരാവൂർ, മാലൂർ, മുഴക്കുന്ന് ഗ്രാമപഞ്ചായത്തുകൾ: സെന്റ് ജോൺസ് യു.പി സ്കൂൾ തൊണ്ടിയിൽ, പേരാവൂർ.

3. എടക്കാട് ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ ചെമ്പിലോട്, കടമ്പൂർ, പെരളശ്ശേരി, മുണ്ടേരി, കൊളച്ചേരി ഗ്രാമപഞ്ചായത്തുകൾ: എളയാവൂർ സി എച്ച് എം ഹയർസെക്കൻഡറി സ്കൂൾ.

4. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ ആലക്കോട്, ഉദയഗിരി, നടുവിൽ, ചപ്പാരപ്പടവ്, ചെങ്ങളായി, കുറുമാത്തൂർ, പട്ടുവം, പരിയാരം, കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തുകൾ: തളിപ്പറമ്പ് സർ സയ്യിദ് ഹയർ സെക്കൻഡറി സ്കൂൾ.

5. കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ അഴീക്കോട്, ചിറക്കൽ, പാപ്പിനിശ്ശേരി, വളപട്ടണം ഗ്രാമപഞ്ചായത്തുകൾ: കണ്ണൂർ പള്ളിക്കുന്ന് കൃഷ്ണമേനോൻ മെമ്മോറിയൽ ഗവ. വിമൻസ് കോളേജ്.

6. തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ അഞ്ചരക്കണ്ടി, ധർമ്മടം, എരഞ്ഞോളി, മുഴപ്പിലങ്ങാട്, ന്യൂ മാഹി, പിണറായി, വേങ്ങാട് ഗ്രാമപഞ്ചായത്തുകൾ: തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ്.

7. പാനൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ പന്ന്യന്നൂർ, ചൊക്ലി, കതിരൂർ, മൊകേരി ഗ്രാമപഞ്ചായത്തുകൾ: മൊകേരി രാജീവ് ഗാന്ധി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ.

8. പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ ചെറുപുഴ, പെരിങ്ങോം-വയക്കര, രാമന്തളി, കാങ്കോൽ-ആലപ്പടമ്പ്, കുഞ്ഞിമംഗലം, എരമം-കുറ്റൂർ, കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തുകൾ: പയ്യന്നൂർ കോളേജ്, എടാട്ട്. (വെസ്റ്റേൺ ബ്ലോക്ക്)

9. കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ മാങ്ങാട്ടിടം, ചിറ്റാരിപ്പറ

മ്പ്, കുന്നോത്ത്പറമ്പ്, തൃപ്പങ്ങോട്ടൂർ, പാട്യം, കോട്ടയം ഗ്രാമപഞ്ചായത്തുകൾ: കൂത്തുപറമ്പ് നിർമലഗിരി കോളേജ്.

10. ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ ആറളം, പായം, അയ്യങ്കുന്ന്, കൂടാളി, കീഴല്ലൂർ, തില്ലങ്കേരി ഗ്രാമപഞ്ചായത്തുകൾ: മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ.

11. കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ ചെറുതാഴം, മാടായി, ഏഴോം, ചെറുകുന്ന്, മാട്ടൂൽ, കണ്ണപുരം, കല്ല്യാശ്ശേരി, നാറാത്ത് ഗ്രാമപഞ്ചായത്തുകൾ: എരിപുരം മാടായി ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ.

**ശ്രീകണ്ഠപുരം നഗരസഭ:** ശ്രീകണ്ഠപുരം ഹയർ സെക്കൻഡറി സ്കൂൾ (എച്ച് എസ് എസ് ബ്ലോക്ക്), തലശ്ശേരി നഗരസഭയുടെ ഒന്ന് മുതൽ 53 വരെ വാർഡുകൾ: സാന്റ് ജോസ് മെട്രോപൊളിറ്റൻ സ്കൂൾ

**തളിപ്പറമ്പ് നഗരസഭ:** തളിപ്പറമ്പ് സർ സയ്യിദ് കോളേജ്

**കണ്ണൂർ കോർപ്പറേഷൻ:** ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ (സ്പോർട്സ് സ്കൂൾ)

**പയ്യന്നൂർ നഗരസഭ:** പയ്യന്നൂർ എ കുഞ്ഞിരാമൻ അടിയോടി സ്മാരക ഗവ. വെക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ (ഹയർസെക്കൻഡറി ബ്ലോക്ക്).

**ആന്തൂർ നഗരസഭ:** കണ്ണൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ്, മാങ്ങാട്ടുപറമ്പ്.

**കൂത്തുപറമ്പ് നഗരസഭ:** കൂത്തുപറമ്പ് നിർമ്മലഗിരി റാണിജയ് ഹയർ സെക്കൻഡറി സ്കൂൾ.

**പാനൂർ നഗരസഭ:** പാനൂർ കെ കെ വി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ.

**ഇരിട്ടി നഗരസഭ:** മഹാത്മാ ഗാന്ധി കോളേജ്, ഇരിട്ടി.



# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റിട്ടേണിംഗ് ഓഫീസർമാർ

ജില്ലാ പഞ്ചായത്ത് വരണാധികാരി ജില്ലാ കലക്ടറാണ്.

**ബ്ലോക്ക് പഞ്ചായത്ത് വരണാധികാരികൾ:**

**കല്ല്യാശ്ശേരി:** ഡിഡി കൃഷി (ഡബ്ല്യു.എം), പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസ് കണ്ണൂർ, **പയ്യന്നൂർ:** ജില്ലാ ഇൻഷൂറൻസ് ഓഫീസർ കണ്ണൂർ, **തളിപ്പറമ്പ്:** ജില്ലാ സപ്ലൈ ഓഫീസർ കണ്ണൂർ, **ഇരിക്കൂർ:** പ്രൊജക്ട് ഡയറക്ടർ, പിഎയു, എൽഎസ്ജിഡി ജെഡി ഓഫീസ് കണ്ണൂർ, **കണ്ണൂർ:** ജോയിൻറ് ഡയറക്ടർ ഓഫ് കോ ഓപറേറ്റീവ് സൊസൈറ്റീസ് (ഓഡിറ്റ്) കണ്ണൂർ, **എടക്കാട്:** ഡിഇഒ കണ്ണൂർ, **തലശ്ശേരി:** ജില്ലാ രജിസ്ട്രാർ ജനറൽ കണ്ണൂർ, ഗുണ്ടർട്ട് റോഡ് പഴയ ബസ് സ്റ്റാൻറ് തലശ്ശേരി, **കൂത്തുപറമ്പ്:** ഡിഡി, ഡയറി ഡവലപ്മെൻറ് കണ്ണൂർ, **പാനൂർ:** ഡെപ്യൂട്ടി കമ്മീഷണർ, എസ്ജിഎസ്ടി വകുപ്പ്, ടാക്സ് പെയേഴ്സ് ഡിവിഷൻ, കണ്ണൂർ നോർത്ത്, **ഇരിട്ടി:** ജോയിൻറ് രജിസ്ട്രാർ (ജനറൽ) ഓഫ് കോ ഓപറേറ്റീവ് സൊസൈറ്റീസ് കണ്ണൂർ, **പേരാവൂർ:** ജില്ലാ ലേബർ ഓഫീസ്, കണ്ണൂർ.

**കണ്ണൂർ കോർപറേഷൻ വരണാധികാരികൾ:** ജില്ലാ ഓഫീസർ, എസ്സി വികസന വകുപ്പ്, കണ്ണൂർ, ജനറൽ മാനേജർ, ജില്ലാ ഇൻഡസ്ട്രീസ് സെൻറർ, കണ്ണൂർ.

**നഗരസഭകളുടെ വരണാധികാരികൾ:**

**തളിപ്പറമ്പ്:** ജില്ലാ ഓഫീസർ, ഭൂഗർഭജല വകുപ്പ് കണ്ണൂർ, **കൂത്തുപറമ്പ്:** അസി. രജിസ്ട്രാർ കോ ഓപറേറ്റീവ് സൊസൈറ്റി (ജനറൽ) കൂത്തുപറമ്പ്, **തലശ്ശേരി:** എക്സിക്യൂട്ടീവ് എൻജിനീയർ, പഴശ്ശി ഇറിഗേഷൻ പ്രൊജക്ട് ഡിവിഷൻ, കണ്ണൂർ-2, എക്സിക്യൂട്ടീവ് എൻജിനീയർ, പിഡബ്ല്യുഡി ബിൽഡിംഗ്സ് തലശ്ശേരി, **പയ്യന്നൂർ:** ഡിഡി, ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, സിവിൽ സ്റ്റേഷൻ കണ്ണൂർ, ജില്ലാ പ്ലാനിംഗ് ഓഫീസർ കണ്ണൂർ, **ഇരിട്ടി:** ജില്ലാ എംപ്ലോയ്മെൻറ് ഓഫീസർ കണ്ണൂർ, **പാനൂർ:** ഡിഡി, ഫിഷറീസ് കണ്ണൂർ, അസി. ഡയറക്ടർ ഓഫ് കോ ഓപറേറ്റീവ് ഓഡിറ്റ് കൂത്തുപറമ്പ്, **ശ്രീകണ്ഠപുരം:** ഡിഇഒ തളിപ്പറമ്പ്, **ആന്തൂർ:** ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ കണ്ണൂർ.

**ഗ്രാമപഞ്ചായത്തുകളുടെ വരണാധികാരികൾ:**

**ചെറുതാഴം:** സീനിയർ സൂപ്രണ്ട്, അസി. എജ്യുക്കേഷണൽ ഓഫീസ് മാടായി, **മാടായി:** സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ് പയ്യന്നൂർ, **ഏഴോം:** സീനിയർ സൂപ്രണ്ട്, അസിസ്റ്റൻറ് എജ്യുക്കേഷണൽ ഓഫീസ്, കണ്ണൂർ നോർത്ത്, **ചെറുകുന്ന്:** സീനിയർ സൂപ്രണ്ട്, അസിസ്റ്റൻറ് എജ്യുക്കേഷണൽ ഓഫീസ്, പാപ്പിനിശ്ശേരി, **മാട്ടൂൽ:** അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ല്യുഡി റോഡ്സ് സബ് ഡിവിഷൻ, കണ്ണൂർ, **കണ്ണപുരം:** സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, പഴയങ്ങാടി, **കല്ല്യാശ്ശേരി:** അസിസ്റ്റൻറ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

(ജനറൽ) കണ്ണൂർ, **നാറാത്ത്:** സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് എജ്യൂക്കേഷണൽ ഓഫീസ്, കണ്ണൂർ സൗത്ത്, **ചെറുപുഴ:** താലൂക്ക് സപ്ലൈ ഓഫീസർ, തളിപ്പറമ്പ്, **പെരിങ്ങോം-വയക്കര:** സൂപ്രണ്ട്, റീസർവ്വേ ആന്റ് ലാൻഡ് റെക്കോർഡ്സ്, പയ്യന്നൂർ, **ഏരമം-കുറ്റൂർ:** അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, പയ്യന്നൂർ, **കാങ്കോൽ-ആലപ്പടമ്പ:** സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് എജ്യൂക്കേഷണൽ ഓഫീസ്, തളിപ്പറമ്പ് നോർത്ത്, **കരിവെള്ളൂർ-പെരളം:** എംപ്ലോയ്മെന്റ് ഓഫീസർ, ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തളിപ്പറമ്പ്, **കുഞ്ഞിമംഗലം:** സോയിൽ കൺസർവേഷൻ ഓഫീസർ, തളിപ്പറമ്പ്, **രാമന്തളി:** സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് എജ്യൂക്കേഷണൽ ഓഫീസ്, പയ്യന്നൂർ, **ഉദയഗിരി:** ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ആർഎടിടിസി തളിപ്പറമ്പ്, കരിമ്പം. **ആലക്കോട്:** അസിസ്റ്റന്റ് രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), തളിപ്പറമ്പ്, **നടുവിൽ:** സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, തളിപ്പറമ്പ്, **ചപ്പാരപ്പടവ്:** അസി. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ്, തളിപ്പറമ്പ്, **ചെങ്ങളായി:** അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, തളിപ്പറമ്പ്, കരിമ്പം, **കുറുമാത്തൂർ:** അസി. ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ, താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസ്, കണ്ണൂർ, **പരിയാരം:** അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, സബ് ഡിവിഷൻ, തളിപ്പറമ്പ്, **പട്ടുവം:** അസി. സോയിൽ കെമിസ്റ്റ്, ജില്ലാ സോയിൽ ടെസ്റ്റിംഗ് ലാബ്, കരിമ്പം, **കടന്നപ്പള്ളി-പാണപ്പുഴ:** താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, തളിപ്പറമ്പ്, **ഇരിക്കൂർ:** സീനിയർ സൂപ്രണ്ട്, അസി. എജ്യൂക്കേഷണൽ ഓഫീസ്, ഇരിക്കൂർ, **എരുവേശ്ശി:** അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ, തളിപ്പറമ്പ്, **മലപ്പട്ടം:** സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, ശ്രീകണ്ഠാപുരം, **പയ്യാവൂർ:** അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഇരിട്ടി, **മയ്യിൽ:** അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഇരിക്കൂർ, **പടിയൂർ-കല്ല്യാട്:** സൂപ്രണ്ട്, സർവ്വേ ആന്റ് ലാൻഡ് റെക്കോർഡ്സ്, ശ്രീകണ്ഠാപുരം, **ഉളിക്കൽ:** സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, ഉളിക്കൽ, **കുറ്റിയാട്ടൂർ:** സീനിയർ സൂപ്രണ്ട്, അസി. എജ്യൂക്കേഷണൽ ഓഫീസ്, തളിപ്പറമ്പ് സൗത്ത്, **ചിറക്കൽ:** അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജില്ലാ അനിമൽ ഹസ്ബൻഡറി ഓഫീസ്, കണ്ണൂർ. **വളപട്ടണം:** അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, **അഴീക്കോട്:** അസി. ഡയറക്ടർ, റീസർവ്വേ, കണ്ണൂർ, **പാപ്പിനിശ്ശേരി:** സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, കല്ല്യാശ്ശേരി, **കൊളച്ചേരി:** സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, വളപട്ടണം, **മുണ്ടേരി:** താലൂക്ക് സപ്ലൈ ഓഫീസർ, കണ്ണൂർ, **ചെമ്പിലോട്:** അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, എടക്കാട്, **കടമ്പൂർ:** പ്രൊജക്റ്റ് ഓഫീസർ, ഐ.ടി.ഡി.പി, കണ്ണൂർ, **പെരളശ്ശേരി:** അസി. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് (ഓഡിറ്റ്), കണ്ണൂർ, **മുഴപ്പിലങ്ങാട്:** അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, മാപ്പിളബേ കണ്ണൂർ-3, **വേങ്ങാട്:** അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, തലശ്ശേരി, **ധർമ്മടം:** സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, ചൊക്ലി, **ഏരഞ്ഞോളി:** തഹസിൽദാർ (ആർ.ആർ-റവന്യൂ റിക്കവറി), തലശ്ശേരി, **പിണറായി:** സ്പെഷ്യൽ

തഹസിൽദാർ, എൽ.എ. ജനറൽ, തലശ്ശേരി, ന്യൂ മാഹി: താലൂക്ക് സപ്ലൈ ഓഫീസർ, തലശ്ശേരി **അഞ്ചരക്കണ്ടി**: സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, കണ്ണൂർ, **തൃപ്പങ്ങോട്ടൂർ**: സീനിയർ സൂപ്രണ്ട്, അസി. എജ്യുക്കേഷണൽ ഓഫീസ്, തലശ്ശേരി നോർത്ത്, **ചിറ്റാരിപ്പറമ്പ**: സീനിയർ സൂപ്രണ്ട്, അസി. എജ്ജുക്കേഷണൽ ഓഫീസ്, കൂത്തുപറമ്പ്, **പാട്യം**: സീനിയർ സൂപ്രണ്ട്, അസി. എജ്ജുക്കേഷണൽ ഓഫീസ്, തലശ്ശേരി സൗത്ത്, **കുന്നോത്തുപറമ്പ**: അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കൂത്തുപറമ്പ്, **മാങ്ങാട്ടിടം**: സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, അഞ്ചരക്കണ്ടി, **കോട്ടയം**: എംപ്ലോയ്മെന്റ് ഓഫീസർ, ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തലശ്ശേരി, **ചൊക്ലി**: സീനിയർ സൂപ്രണ്ട്, അസി. എജ്യുക്കേഷണൽ ഓഫീസ്, ചൊക്ലി, **പന്ന്യന്നൂർ**: അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, തലശ്ശേരി, **മൊകേരി**: അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസ്, കണ്ണൂർ. **കതിരൂർ**: അസി. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ്, തലശ്ശേരി, **ആറളം**: അസി. രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), ഇരിട്ടി, **അയ്യൻകുന്ന്**: എംപ്ലോയ്മെന്റ് ഓഫീസർ, ടൗൺ എംപ്ലോയ്മെന്റ് ഓഫീസ്, മട്ടന്നൂർ, **കീഴല്ലൂർ**: സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, കതിരൂർ, **തില്ലങ്കേരി**: സീനിയർ സൂപ്രണ്ട്, അസി. എജ്ജുക്കേഷണൽ ഓഫീസ്, പാനൂർ, **കൂടാളി**: സോയിൽ കൺസർവേഷൻ ഓഫീസർ, തലശ്ശേരി, **പായം**: താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, തലശ്ശേരി, **കണിച്ചാർ**: സീനിയർ സൂപ്രണ്ട്, അസി. എജ്ജുക്കേഷണൽ ഓഫീസ്, ഇരിട്ടി, **കേളകം**: സീനിയർ സൂപ്രണ്ട്, അസി. എജ്ജുക്കേഷണൽ ഓഫീസ്, മട്ടന്നൂർ, **കൊട്ടിയൂർ**: സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, പേരാവൂർ, **മുഴക്കുന്ന്**: അസി. ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ, തലശ്ശേരി, **കോളയാട്**: അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രികൾച്ചർ), ചൊവ്വ, കണ്ണൂർ, **മാലൂർ**: അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, പേരാവൂർ, **പേരാവൂർ**: സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, പാനൂർ.



# മാതൃകാ പെരുമാറ്റച്ചട്ടം പാലിക്കുക

## I. പൊതുവായ പെരുമാറ്റം

1. വിവിധ ജാതികളും സമുദായങ്ങളും തമ്മിൽ മതപരമോ വംശപരമോ ജാതിപരമോ സമുദായപരമോ ഭാഷാപരമോ ആയ സംഘർഷങ്ങൾ ഉളവാക്കുന്നതോ, നിലവിലുള്ള ഭിന്നതകൾക്ക് ആക്കം കൂട്ടുന്നതോ പരസ്പരവിദ്വേഷം ജനിപ്പിക്കുന്നതോ ആയ ഒരു പ്രവർത്തനത്തിലും രാഷ്ട്രീയകക്ഷികളോ സ്ഥാനാർത്ഥികളോ ഏർപ്പെട്ടുവാൻ പാടില്ല. അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് മൂന്നുവർഷം വരെ തടവോ പതിനായിരം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷ ലഭിക്കും. (1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 121-ാം വകുപ്പ്, കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 145-ാംവകുപ്പ്).

2. മറ്റു രാഷ്ട്രീയ കക്ഷികളെ വിമർശിക്കുമ്പോൾ അത് അവരുടെ നയങ്ങളിലും പരിപാടികളിലും, പൂർവ്വകാലചരിത്രത്തിലും പ്രവർത്തനങ്ങളിലും മാത്രമായി ഒതുക്കി നിറുത്തേണ്ടതാണ്. മറ്റു കക്ഷികളുടെ നേതാക്കന്മാരുടേയുംപ്രവർത്തകരുടേയും സ്ഥാനാർത്ഥികളും പൊതുപ്രവർത്തനവുമായി ബന്ധമില്ലാത്ത സ്വകാര്യ ജീവിതത്തിന്റെ വിവിധവശങ്ങളെക്കുറിച്ച് രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും വിമർശിക്കരുത്. അടിസ്ഥാനരഹിതമായതോ വളച്ചൊടിച്ചതോ ആയ ആരോപണങ്ങൾ ഉന്നയിച്ച് മറ്റ്കക്ഷികളെയും അവയിലെ പ്രവർത്തകരെയും വിമർശിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3. ജാതിയുടെയും സമുദായത്തിന്റെയും പേരിൽ വോട്ട് തേടാൻ പാടില്ല. മതസ്ഥാപനങ്ങൾ (മോസ്കുകൾ, ക്ഷേത്രങ്ങൾ, ചർച്ചകൾ മറ്റ് ആരാധനാലയങ്ങൾ) എന്നിവ തിരഞ്ഞെടുപ്പ് പ്രചരണത്തിനുള്ള വേദിയായി ഉപയോഗിക്കരുത്.



4. ഏതെങ്കിലും സ്ഥാനാർത്ഥിക്കോ സമ്മതിദായകനോ അവർക്ക് താത്പര്യമുള്ള വ്യക്തികൾക്കോ എതിരെ സാമൂഹികബഹിഷ്കരണം, സാമൂഹിക ജാതിഭ്രഷ്ട് തുടങ്ങിയ ഭീഷണികൾ ഉയർത്തരുത് (കേരളപഞ്ചായത്ത് രാജ് 120-ാംവകുപ്പ്, കേരള മുനിസിപ്പാലിറ്റി ആക്ട് 144-ാംവകുപ്പ്).

5. സമ്മതിദായകർക്ക് പണമോ മറ്റ് പാരിതോഷികങ്ങളോ നൽകുക, ഭീഷണിപ്പെടുത്തുക, സമ്മതിദായകരായി ആൾമാറാട്ടം നടത്തുക, മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ വോട്ടെടുപ്പ് ദിവസം പോളിംഗ്സ്റ്റേഷന്റെ 100 മീറ്ററിനുള്ളിലും പഞ്ചായത്തിന്റെ കാര്യത്തിൽ 200 മീറ്ററിനുള്ളിലും വോട്ടുതേടുക, വോട്ടെടുപ്പ് അവസാനിപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ട് മുൻപുള്ള

48 മണിക്കൂർ സമയത്ത് പൊതുയോഗങ്ങൾ നടത്തുക, പോളിംഗ് സ്റ്റേഷനിലേക്കും അവിടെ നിന്ന് തിരികെയും സമ്മതിദായകരെ വാഹനങ്ങളിൽ കൊണ്ടുപോകുക തുടങ്ങിയവ തിരഞ്ഞെടുപ്പ് നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 120, 122, 127 വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ട് 144, 146, 151 വകുപ്പുകളും)

6. ഒരു വ്യക്തിയുടെ രാഷ്ട്രീയാഭിപ്രായങ്ങളോടും പ്രവർത്തനങ്ങളോടും മറ്റു രാഷ്ട്രീയകക്ഷികൾക്കും സ്ഥാനാർത്ഥികൾക്കും എത്ര എതിർപ്പുണ്ടായാലും സമാധാനപരമായും സ്വസ്ഥമായും സ്വകാര്യജീവിതം നയിക്കുന്നതിനുള്ള അയാളുടെ അവകാശത്തെ മാനിക്കേണ്ടതാണ്. വ്യക്തികളുടെ അഭിപ്രായങ്ങളിലും പ്രവർത്തനങ്ങളിലും പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി അവരുടെ വീടുകൾക്ക് മുമ്പിൽ പ്രകടനങ്ങൾ സംഘടിപ്പിക്കുക, പിക്കറ്റു ചെയ്യുക തുടങ്ങിയ രീതികൾ ഒരു കാരണവശാലും അവലംബിക്കരുത്.

7. രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ അവരുടെ അനുയായികളോ ഒരു വ്യക്തിയുടെ സ്ഥലം, കെട്ടിടം, മതിൽ തുടങ്ങിയവ അയാളുടെ അനുവാദം കൂടാതെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കൊടിമരം നാട്ടുന്നതിനോ ബാനറുകൾ കെട്ടുന്നതിനോ, പരസ്യം ഒട്ടിക്കുന്നതിനോ മുദ്രാവാക്യങ്ങൾ എഴുതുന്നതിനോ ഉപയോഗിക്കാൻ പാടില്ല.

8. സർക്കാർ ആഫീസുകളിലും അവയുടെ കോമ്പൗണ്ടിലും പരിസരത്തും ചുവർ എഴുതാനോ പോസ്റ്റർ ഒട്ടിക്കാനോ ബാനർ, കട്ട്ഔട്ട് തുടങ്ങിയവ സ്ഥാപിക്കാനോ പാടില്ല. ഏതെങ്കിലും പൊതുസ്ഥലത്ത് പരസ്യങ്ങളും ബോർഡുകളും മറ്റ് പ്രചരണോപാധികളും സ്ഥാപിക്കുന്നതിൽ തടസ്സമില്ലെങ്കിൽ അവിടെ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് എല്ലാ രാഷ്ട്രീയ കക്ഷികൾക്കും സ്ഥാനാർത്ഥികൾക്കും തുല്യ അവസരം നൽകണം. ഏതെങ്കിലും പ്രത്യേക കക്ഷിക്കോ സ്ഥാനാർത്ഥിക്കോ മാത്രമായി ഒരു പൊതുസ്ഥലവും നീക്കിവച്ചിട്ടില്ലെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. പൊതുജനങ്ങൾക്ക് അസൗകര്യമോ ശല്യമോ ഉണ്ടാകുന്ന വിധത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണസാമഗ്രികൾ (കൊടി, ബാനർ, പോസ്റ്റർ, കട്ടൗട്ട് തുടങ്ങിയവ) സ്ഥാപിക്കാൻ പാടില്ല. പരസ്യങ്ങൾക്ക് വേണ്ടി വരുന്ന ചെലവ്, സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

9. രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ ഏതെങ്കിലും പൊതുസ്ഥലമോ സ്വകാര്യസ്ഥലമോ പരസ്യങ്ങൾ സ്ഥാപിച്ചോ മുദ്രാവാക്യങ്ങൾ എഴുതിയോ വികൃതമാക്കിയതായി പരാതി ലഭിച്ചാൽ അവ ഉടൻ നീക്കം ചെയ്യാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് ലഭിച്ചിട്ടും അവ നീക്കം ചെയ്തില്ലെങ്കിൽ അവ നീക്കം ചെയ്യുന്നതിന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കുകയും അതിനു വേണ്ടി വരുന്ന ചെലവ് ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിനോട് ചേർക്കുകയും ചെയ്യേണ്ടതാണ്.

10. തിരഞ്ഞെടുപ്പ് നടത്തിപ്പിനും പ്രചരണത്തിനും ഹരിത പെരുമാറ്റ ചട്ടം

(Green Protocol) അനുസരിച്ച് പരിസ്ഥിതി സൗഹൃദ വസ്തുക്കളും പുനഃ ചംക്രമണം ചെയ്യുന്ന വസ്തുക്കളും മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. ഇത് സംബന്ധിച്ച് നിലവിലുള്ളതും കാലാകാലങ്ങളിൽ ഉണ്ടാകുന്നതുമായ നിയമങ്ങളും കോടതി ഉത്തരവുകളും സർക്കാർ/മറ്റ്അധികാരസ്ഥാനങ്ങൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളും/മാർഗ്ഗനിർദ്ദേശങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

11. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൈതാനങ്ങൾ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രാഷ്ട്രീയ പ്രചരണങ്ങൾക്കോ റാലികൾക്കോ ഉപയോഗിക്കാൻ പാടില്ല.

## II. പൊതുയോഗങ്ങൾ

1. ക്രമസമാധാനം പാലിക്കുന്നതിനും ഗതാഗതം നിയന്ത്രിക്കുന്നതിനും, ആവശ്യമായ ഏർപ്പാടുകൾ ചെയ്യാൻ പോലീസിന് സാധ്യമാകത്തക്കവിധം പൊതുയോഗം നടത്തുന്ന സ്ഥലവും സമയവും ബന്ധപ്പെട്ട പാർട്ടിയോ സ്ഥാനാർത്ഥിയോ സ്ഥലത്തെ പോലീസ് അധികാരികളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

2. തങ്ങളുടെ അനുയായികൾ മറ്റുകക്ഷികളുടെ യോഗങ്ങളും ജാഥകളും തടസ്സപ്പെടുത്തുകയോ, അവയിൽ ഛിദ്രമുണ്ടാക്കുകയോ ചെയ്യുന്നില്ലെന്ന് ഓരോ രാഷ്ട്രീയകക്ഷികളും, സ്ഥാനാർത്ഥികളും ഉറപ്പുവരുത്തേണ്ടതാണ്. ഒരു രാഷ്ട്രീയകക്ഷിയുടെ പ്രവർത്തകരോ അനുഭാവികളോ തങ്ങളുടെ കക്ഷിയുടെ ലഘുലേഖവിതരണം ചെയ്തോ, നേരിട്ടോ, രേഖാമൂലമായോ, ചോദ്യങ്ങൾ ഉന്നയിച്ചോ, മറ്റൊരു രാഷ്ട്രീയകക്ഷി സംഘടിപ്പിക്കുന്ന പൊതുയോഗങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ പാടില്ല. ഒരു കക്ഷിയുടെ യോഗം നടന്നു കൊണ്ടിരിക്കുന്ന സ്ഥലത്തുകൂടി മറ്റൊരു കക്ഷി ജാഥ നടത്തുവാൻ പാടില്ല. ഒരു കക്ഷിയുടെ ചുവർപരസ്യങ്ങൾ മറ്റു കക്ഷികളുടെ പ്രവർത്തകർ നീക്കം ചെയ്യരുത്. ഇതുമൂലം എന്തെങ്കിലും ക്രമസമാധാനപ്രശ്നം ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ടവർക്ക് പോലീസ് സഹായം തേടാവുന്നതാണ്.

3. അവർ യോഗം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഏതെങ്കിലും നിയന്ത്രണ ഉത്തരവോ നിരോധനാജ്ഞയോ പ്രാബല്യത്തിൽ ഇല്ല എന്ന് രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും ഉറപ്പുവരുത്തേണ്ടതാണ്. അത്തരത്തിലുള്ള ഏതെങ്കിലും ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ അവ കർശനമായി പാലിക്കേണ്ടതുമാണ്. ഇവയിൽ നിന്ന് ഒഴിവാക്കപ്പെടണമെങ്കിൽ അതിനായി ബന്ധപ്പെട്ട അധികാരികളിൽ നിന്ന് മുൻകൂട്ടിത്തന്നെ അപേക്ഷിച്ച് അനുമതി നേടേണ്ടതാണ്.

4. പൊതുയോഗങ്ങൾ തടസ്സപ്പെടുത്തുകയോ യോഗസ്ഥലത്ത് ക്രമരഹിതമായി പ്രവർത്തിക്കുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്നവർക്ക് മൂന്നുമാസം വരെ തടവോ ആയിരം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷ ലഭിക്കുന്നതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 123-ാംവകുപ്പ്/കേരള മുനിസിപ്പാലിറ്റി ആക്ട് 147-ാംവകുപ്പ്). തിരഞ്ഞെടുപ്പ് പ്രഖ്യാപനതീയതി മുതൽ തിരഞ്ഞെടുപ്പ്

നടത്തപ്പെടുന്ന തീയതി വരെ നിയോജകമണ്ഡലത്തിലോ വാർഡിലോ നടത്തപ്പെടുന്ന രാഷ്ട്രീയസ്വഭാവമുള്ള ഏതു പൊതുയോഗത്തിനും ഇത് ബാധകമാണ്.

5. യോഗങ്ങൾ നടത്തുന്നതിന് ഉച്ചഭാഷിണിയോ മറ്റുസൗകര്യമോ ഉപയോഗിക്കുന്നതിന് അനുവാദം ലഭിക്കേണ്ടതുണ്ടെങ്കിൽ പാർട്ടിയോ സ്ഥാനാർത്ഥിയോ കാലേക്കൂട്ടി ബന്ധപ്പെട്ട അധികാരികളിൽ നിന്ന് അതിനുള്ള അനുവാദം വാങ്ങേണ്ടതാണ്. Noise Pollution (Regulation and Control) Rules-2000 ന്റെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ട്, അനുവദനീയമായ DECIBEL ശബ്ദം മാത്രമേ ഉച്ചഭാഷിണികൾ പുറപ്പെടുവിക്കാൻ പാടുള്ളൂ

6. സർക്കാരിന്റേയോ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടേയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയോ ഉടമസ്ഥതയിലുള്ള ഹാളുകളിൽ യോഗങ്ങൾ നടത്താൻ അനുവദിക്കുകയാണെങ്കിൽ അപ്രകാരം യോഗങ്ങൾ നടത്തുന്നതിന് എല്ലാ രാഷ്ട്രീയകക്ഷികൾക്കും സ്ഥാനാർത്ഥികൾക്കും തുല്യഅവസരം നൽകേണ്ടതാണ്. ഇത്തരം യോഗങ്ങൾ അവസാനിച്ചാൽ ഉടൻ തന്നെ അവിടെ സ്ഥാപിച്ചിട്ടുള്ള എല്ലാവിധ പ്രചരണസാമഗ്രികളും സംഘാടകർ നീക്കം ചെയ്യേണ്ടതാണ്.

7. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൈതാനങ്ങൾ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട യോഗങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല.

## III. ജാഥകൾ

1. ജാഥകളും പൊതുയോഗങ്ങളും സംഘടിപ്പിക്കുന്നത് അതിലേയ്ക്ക് നിലവിലുള്ള ബന്ധപ്പെട്ട നിയമ വ്യവസ്ഥകളും ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും സുപ്രീംകോടതിയുടേയും ഉത്തരവുകൾ അനുസരിച്ചായിരിക്കേണ്ടതുമാണ്.

2. ജാഥ സംഘടിപ്പിക്കുന്ന പാർട്ടിയോ സ്ഥാനാർത്ഥിയോ ജാഥ ആരംഭിക്കുന്ന സമയവും സ്ഥലവും കടന്നുപോകുന്ന റൂട്ടും ജാഥ അവസാനിപ്പിക്കുന്ന സമയവും സ്ഥലവും മുൻകൂട്ടി തീരുമാനിക്കേണ്ടതാണ്.

3. ലോക്കൽ പോലീസിന് ആവശ്യമായ ക്രമീകരണം നടത്തുന്നതിലേക്കായി പരിപാടിയുടെ സംഘാടകർ ലോക്കൽ പോലീസ് അധികാരികളെ പരിപാടിയെ സംബന്ധിച്ച് മുൻകൂട്ടി അറിയിക്കേണ്ടതാണ്.

4. ജാഥ കടന്നു പോകേണ്ട പ്രദേശങ്ങളിൽ എന്തെങ്കിലും നിയന്ത്രണ ഉത്തരവുകൾ പ്രാബല്യത്തിൽ ഉണ്ടോ എന്ന് സംഘാടകർ പരിശോധിക്കേണ്ടതാണ്. ഈ നിയന്ത്രണങ്ങൾ ബന്ധപ്പെട്ട അധികാരി ഒഴിവാക്കി നല്കിയിട്ടില്ലെങ്കിൽ അവ കൃത്യമായി പാലിക്കുകയും വേണം. ഗതാഗത നിയന്ത്രണങ്ങൾ ശ്രദ്ധാപൂർവ്വം പാലിക്കേണ്ടതാണ്.

5. വാഹനഗതാഗതത്തിന് തടസ്സം ഉണ്ടാകാത്ത വിധത്തിൽ കടന്നുപോകുന്നതിന് സംഘാടകർ മുൻകൂട്ടി നടപടികൾ സ്വീകരിക്കണം. ജാഥ വളരെ ദൈർഘ്യമേറിയതാണെങ്കിൽ, കനത്ത ഗതാഗതക്കുരുക്ക് ഒഴിവാക്കുന്ന

തിന് ചെറിയ ചെറിയ വിഭാഗങ്ങളായി അത് സംഘടിപ്പിക്കണം.

6. ജാഥകൾ നടത്തുന്ന സമയത്ത് ഡ്യൂട്ടിയിലുള്ള പോലീസിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുകയും വേണം.

7. രണ്ടോ അതിലധികമോ രാഷ്ട്രീയ പാർട്ടികളോ സ്ഥാനാർത്ഥികളോ ഒരേ സമയം ഒരേ റൂട്ടിലോ അതേ റൂട്ടിലെ ചിലഭാഗങ്ങളിലോ ജാഥകൾ നടത്താൻ തീരുമാനിക്കുകയാണെങ്കിൽ, സംഘാടകർ തമ്മിൽ മുൻകൂട്ടി ബന്ധപ്പെടുകയും ജാഥകൾ തമ്മിൽ കൂട്ടിമുട്ടാതിരിക്കാനും ഗതാഗതതടസ്സം സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ഉണ്ടാകാതിരിക്കാനും ധാരണയിലെത്തുകയും വേണം. ഉചിതമായ ക്രമീകരണം നടത്തുന്നതിന് ലോക്കൽ പോലീസിന്റെ സഹായം തേടേണ്ടതാണ്.

8. ജാഥയിൽ പങ്കെടുക്കുന്നവർ പ്രകോപനപരമായ പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള വസ്തുക്കൾ ജാഥയിൽ കൊണ്ട് പോകുന്നത് ഒഴിവാക്കുവാൻ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും പ്രത്യേകം ശ്രദ്ധിക്കണം.

9. മറ്റ് രാഷ്ട്രീയ പാർട്ടി നേതാക്കളുടെയോ അംഗങ്ങളുടെയോ കോലം കൊണ്ട് നടക്കുന്നതും പരസ്യമായി അത്തരം കോലം കത്തിക്കുന്നതും ഇത്തരത്തിലുള്ള മറ്റ് പ്രകടനങ്ങളും ഒരു രാഷ്ട്രീയ പാർട്ടിയോ സ്ഥാനാർത്ഥിയോ സ്വീകരിക്കാൻ പാടില്ല.

## IV. തിരഞ്ഞെടുപ്പ് പ്രകടനപത്രികകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

തിരഞ്ഞെടുപ്പ് വേളയിൽ രാഷ്ട്രീയകക്ഷികളും മുന്നണികളും സ്ഥാനാർത്ഥികളും പ്രകടനപത്രികകൾ പുറപ്പെടുവിക്കാറുണ്ട്. അധികാരത്തിൽ വന്നാൽ അവർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വാഗ്ദാനം ചെയ്താണ് പ്രകടനപത്രികൾ പുറപ്പെടുവിക്കുന്നത്. ബഹു. സുപ്രീം കോടതി, എസ്.സുബ്രഹ്മണ്യൻ ബാലാജി V. ഗവൺമെന്റ് ഓഫ് തമിഴ്നാട് ((2013) 9 SCC 659) എന്ന കേസിൽ പാരിതോഷികങ്ങൾ വാഗ്ദാനം ചെയ്ത് പ്രകടനപത്രികൾ പുറപ്പെടുവിക്കുന്നതിന്റെ ഔചിത്യം പരിശോധിക്കുകയും തങ്ങൾ അധികാരത്തിൽ വന്നാൽ ഏതെങ്കിലും പാരിതോഷികങ്ങളോ സൗജന്യങ്ങളോ നൽകുമെന്ന് വാഗ്ദാനം ചെയ്ത് തിരഞ്ഞെടുപ്പ് പ്രകടനപത്രിക പുറപ്പെടുവിക്കുന്നത്, തിരഞ്ഞെടുപ്പ് വേളയിൽ സമ്മതിദായകരെ സ്വാധീനിക്കുമെന്നും അത് സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള അവസരത്തെ ഹനിക്കുമെന്നും ആത്യന്തികമായി സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് പ്രക്രിയയെ ബാധിക്കുമെന്നും കണ്ടെത്തുകയുണ്ടായി. എന്നാൽ ഭരണഘടനയുടെ ഭാഗം IV നിർദ്ദേശക തത്വങ്ങൾക്ക് അനുസൃതമായി ജനങ്ങളുടെ പൊതുവായ ക്ഷേമം മുൻനിർത്തി തങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ പദ്ധതികൾ വാഗ്ദാനം ചെയ്ത്, ചുവടെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി, പ്രകടനപത്രികൾ പുറപ്പെടുവിക്കുന്നതിന് തടസ്സമില്ല എന്ന് കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഇവ സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ കൂടി മാതൃകാ

പെരുമാറ്റ സംഹിതയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് കോടതി നിർദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ കക്ഷികളും മുന്നണികളും സ്ഥാനാർത്ഥികളും തിരഞ്ഞെടുപ്പ് പ്രകടനപത്രിക പുറപ്പെടുവിക്കുമ്പോൾ ചുവടെ പറയുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അതായത്:-

1. ഭരണഘടനയുടെ അന്തസത്തയ്ക്കും ഈ മാതൃകാ പെരുമാറ്റ സംഹിതയിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായ വാഗ്ദാനങ്ങൾ രാഷ്ട്രീയ കക്ഷികളോ മുന്നണികളോ സ്ഥാനാർത്ഥികളോ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഉൾക്കൊള്ളിക്കുവാൻ പാടില്ല.
2. തങ്ങൾ അധികാരത്തിൽ വന്നാൽ ഏതെങ്കിലും പാരിതോഷികങ്ങളോ സൗജന്യങ്ങളോ നൽകുമെന്ന് തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്യുന്നത്, തിരഞ്ഞെടുപ്പ് വേളയിൽ സമ്മതിദായകരെ സ്വാധീനിക്കുകയും, അത് സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള തുല്യ അവസരത്തെ ഹനിക്കുമെന്നുമുള്ളതിനാൽ ഇത്തരം വാഗ്ദാനങ്ങൾ യാതൊരാളും തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഉൾക്കൊള്ളിക്കുവാൻ പാടില്ല.
3. ഭരണഘടനയുടെ ഭാഗം IV നിർദ്ദേശക തത്വങ്ങൾക്ക് അനുസൃതമായി ജനങ്ങളുടെ പൊതുവായ ക്ഷേമം മുൻനിർത്തി തങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ പദ്ധതികൾ വാഗ്ദാനം ചെയ്ത് പ്രകടനപത്രികകൾ പുറപ്പെടുവിക്കുന്നതിന് മേൽപ്പറഞ്ഞ തടസ്സമില്ല. എന്നാൽ അപ്രകാരം ചെയ്യുമ്പോൾ നിറവേറ്റാൻ കഴിയുന്ന വാഗ്ദാനങ്ങൾ മാത്രം പ്രകടനപത്രികയിൽ ഉൾപ്പെടുത്തേണ്ടതും അത് നടപ്പാക്കുന്നതിന് ഉണ്ടാകുന്ന സാമ്പത്തിക ചെലവുകൾ മുൻകൂട്ടി കണക്കാക്കേണ്ടതും അത് കണ്ടെത്തുന്നതിനുള്ള വഴികളും മാർഗങ്ങളും കൂടി യുക്തിസഹമായി തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
4. കേരള പഞ്ചായത്ത് രാജ് ആക്ട് 122-ാം വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ട് 146-ാം വകുപ്പിലും പറയുന്ന വോട്ടെടുപ്പ് അവസാനിക്കുന്നതിന് 48 മണിക്കൂർ മുമ്പ് മുതൽ വോട്ടെടുപ്പ് അവസാനിക്കുന്നതു വരെയുള്ള നിരോധന കാലയളവിൽ ഇപ്രകാരമുള്ള യാതൊരു തിരഞ്ഞെടുപ്പ് പ്രകടനപത്രികയും പുറപ്പെടുവിക്കുവാൻ പാടില്ല.

## V ബോർഡുകൾ/ ബാനറുകൾ/പതാകകൾ/തോരണങ്ങൾ സ്ഥാപിക്കൽ :

അനധികൃതമായി ബാർഡുകൾ/ബാനറുകൾ/പതാകകൾ/തോരണങ്ങൾ/ഹോർഡിംഗുകൾ എന്നിവ പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കാൻ പാടില്ല. ബഹു. ഹൈക്കോടതിയുടെ WP(C) 22750/2018 കേസിലെ 03.03.2021-ലെ ഇടക്കാല ഉത്തരവും, 13.03.2025 ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളും, ഇതുമായി ബന്ധപ്പെട്ട് സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾ/മറ്റു അധികാരസ്ഥാനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ/മാർഗനിർദ്ദേശങ്ങൾ എന്നിവ കൃത്യമായി പാലിക്കേണ്ടതാണ്.

## VI ലഘുലേഖകൾ, പോസ്റ്ററുകൾ എന്നിവയുടെ അച്ചടി

തിരഞ്ഞെടുപ്പ് പ്രകടനപത്രിക ഉൾപ്പെടെ ലഘുലേഖകളും തിരഞ്ഞെടുപ്പ് പോസ്റ്ററുകളും അച്ചടിക്കുന്നതും പ്രസിദ്ധപ്പെടുത്തുന്നതും സംബന്ധിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 124-ാംവകുപ്പിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 148-ാംവകുപ്പിലെയും വ്യവസ്ഥകൾ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും അച്ചടിശാലാ ഉടമസ്ഥരും പാലിക്കേണ്ടതാണ്. ലഘുലേഖകളുടേയും പോസ്റ്ററുകളുടേയും പുറത്ത് അത് അച്ചടിക്കുന്നയാളിന്റെയും പ്രസാധകന്റെയും പേരും മേൽവിലാസവും കോപ്പികളുടെ എണ്ണവും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ അച്ചടിക്കുന്നതിനു മുൻപായി പ്രസാധകനെ തിരിച്ചറിയുന്നതിനായി രണ്ട് ആളുകൾ സാക്ഷ്യപ്പെടുത്തിയ നിശ്ചിതഫോറത്തിലുള്ള പ്രഖ്യാപനം അച്ചടിക്കുന്നയാളിന് (പ്രസ്സുടമ) നൽകേണ്ടതും അച്ചടിച്ചശേഷം മേൽപ്പറഞ്ഞ പ്രഖ്യാപനത്തോടൊപ്പം അച്ചടിരേഖയുടെ പകർപ്പ്സഹിതം പ്രസ്സുടമ നിശ്ചിതഫോറത്തിൽ ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് അയച്ചു കൊടുക്കേണ്ടതുമാണ്. മുകളിൽ പറഞ്ഞിരിക്കുന്ന നിയമവ്യവസ്ഥയുടെ ലംഘനം ആറുമാസത്തോളമാകാവുന്ന തടവു ശിക്ഷയോ 2000/ രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്ന കുറ്റമാണ്. കൂടാതെ, തിരഞ്ഞെടുപ്പ് പരസ്യബോർഡുകൾ, ബാനറുകൾ എന്നിവ സ്ഥാപിച്ചിട്ടുള്ളതും ഉയർത്തിയിട്ടുള്ളതും സംബന്ധിച്ച വിവരം ബന്ധപ്പെട്ടവർ വരണാധികാരിയെ നിശ്ചിതഫോറത്തിൽ അറിയിക്കുകയും വേണം.

## VII ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലെ പരസ്യങ്ങൾ :

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും പത്രം, ടെലിവിഷൻ, റേഡിയോ, സാമൂഹ്യമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധമാധ്യമങ്ങളിൽ പരസ്യങ്ങൾ നൽകുന്നത് നിയമാനുസൃതമായിരിക്കേണ്ടതാണ്. അപകീർത്തിപരമായ പ്രചാരണങ്ങൾ പാടില്ല.

## VIII വാഹനങ്ങൾ:

വാഹനങ്ങളിൽ ലൗഡ്സ്പീക്കർ ഘടിപ്പിച്ചോ മറ്റ് തരത്തിലോ മാറ്റങ്ങൾ വരുത്തണമെങ്കിൽ അത് മോട്ടോർ വാഹന ആക്ടും മറ്റ് നിയമങ്ങളും കർശനമായി പാലിച്ചു കൊണ്ടായിരിക്കണം. ബന്ധപ്പെട്ട അധികാരികളിൽ നിന്നും ആവശ്യമായ അനുമതി വാങ്ങിയശേഷം മാത്രമേ വാഹനങ്ങളിൽ രൂപമാറ്റം വരുത്തി പ്രത്യേക പ്രചാരണവാഹനമായോ വീഡിയോ പ്രചാരണവാഹനമായോ ഉപയോഗിക്കുവാൻ പാടുള്ളൂ.

## IX വോട്ടെടുപ്പുദിവസം

1. വോട്ടർമാർക്ക് നിർഭയമായി സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യം ഉറപ്പുവരുത്താൻ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥരുമായി സഹകരിക്കേണ്ടതാണ്.

2. രാഷ്ട്രീയകക്ഷികൾ അവരവരുടെ അംഗീകൃത പ്രവർത്തകർക്ക് അനുയോജ്യമായ ബാഡ്ജുകളും ഐഡന്റിറ്റികാർഡുകളും നൽകേണ്ടതാണ്.

3. സമ്മതിദായകർക്ക് വിതരണം ചെയ്യുന്ന അനൗദ്യോഗിക സ്ലിപ്പുകൾ വെള്ളകടലാസിൽ ആയിരിക്കണം. അവയിൽ സ്ഥാനാർത്ഥിയുടെയോ കക്ഷിയുടെയോ പേരോ, ചിഹ്നമോ ഉണ്ടാകാൻ പാടില്ല.

4. പഞ്ചായത്തിനെ സംബന്ധിച്ച് പോളിംഗ്സ്റ്റേഷന്റെ 200 മീറ്റർ പരിധിയിലോ മുനിസിപ്പാലിറ്റിയെ സംബന്ധിച്ച് പോളിംഗ്സ്റ്റേഷന്റെ 100 മീറ്റർ പരിധിയിലോ രാഷ്ട്രീയകക്ഷികളുടെ പേരോ ചിഹ്നമോ ആലേഖനം ചെയ്ത മാസ്ക്, വസ്ത്രങ്ങൾ, തൊപ്പി മുതലായവയൊന്നും ഉപയോഗിക്കുവാൻ പാടില്ല.

5. വോട്ടെടുപ്പ് അവസാനിക്കുന്നതിന് മുമ്പുള്ള 48 മണിക്കൂറിലും വോട്ടെണ്ണുന്ന ദിവസവും മദ്യം നൽകുകയോ വിതരണം നടത്തുകയോ ചെയ്യരുത്.

6. സംഘട്ടനവും സംഘർഷവും ഒഴിവാക്കുന്നതിനായി, പോളിംഗ് ബൂത്തുകൾക്ക് സമീപവും രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും നിർമ്മിക്കുന്ന ക്യാമ്പിന്റെ പരിസരത്തും ആൾക്കൂട്ടം ഒഴിവാക്കേണ്ടതാണ്.

7. സ്ഥാനാർത്ഥികളുടെ ക്യാമ്പുകൾ ആർഭാടരഹിതമാണെന്ന് ഉറപ്പുവരുത്തണം. ക്യാമ്പുകളിൽ ആഹാരപദാർത്ഥങ്ങൾ വിതരണം ചെയ്യാൻ പാടില്ല.

8. വോട്ടെടുപ്പു ദിവസം ഏർപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നതിന് നിയന്ത്രണങ്ങൾ പാലിക്കുന്നതിന് അധികാരികളുമായി സഹകരിക്കുകയും അതിനായി പെർമിറ്റ് വാങ്ങി അതത് വാഹനങ്ങളിൽ വ്യക്തമായി പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്.

## X. പോളിംഗ് ബൂത്ത്

സമ്മതിദായകർ ഒഴികെ, തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമാനുസൃതമായ പാസില്ലാത്ത ആരും പോളിംഗ്ബൂത്തുകളിൽ പ്രവേശിക്കുവാൻ പാടില്ല.

## XI. നിരീക്ഷകർ

സ്ഥാനാർത്ഥികൾക്കോ അവരുടെ ഏജന്റ്മാർക്കോ തിരഞ്ഞെടുപ്പ് നടത്തിപ്പിനെ സംബന്ധിച്ച് എന്തെങ്കിലും വ്യക്തമായ പരാതികളോ പ്രശ്നങ്ങളോ ഉണ്ടെങ്കിൽ അവ തിരഞ്ഞെടുപ്പ് കമ്മീഷൻ നിയമിക്കുന്ന നിരീക്ഷകരുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്

## XII. അധികാരത്തിലിരിക്കുന്ന കക്ഷി

1. കേന്ദ്രത്തിലോ സ്ഥാപനങ്ങളിലോ ഔദ്യോഗികസ്ഥാനം സംസ്ഥാനത്തിലോ തദ്ദേശസ്വയംഭരണ അധികാരത്തിലിരിക്കുന്ന കക്ഷി അതിന്റെ തിരഞ്ഞെടുപ്പ് പ്രചാരണാവശ്യത്തിലേക്കായി വിനിയോഗിക്കരുത്. പ്രത്യേകിച്ച് –

(എ) മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ, മേയർ, ഡെപ്യൂട്ടി മേയർ, ചെയർമാൻ, വൈസ് ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റ്,

വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ എന്നിവരുടെ ഔദ്യോഗിക യാത്രകൾ തിരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെടുത്തുകയോ, തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഔദ്യോഗിക സംവിധാനമോ ജീവനക്കാരെയോ ഉപയോഗിക്കുവാനോ പാടുള്ളതല്ല.

(ബി) അധികാരത്തിലിരിക്കുന്ന കക്ഷിയുടെ താത്പര്യാർത്ഥം സർക്കാർ വാഹനങ്ങൾ ഉപയോഗിക്കരുത്.

2. പൊതുസമ്മേളനത്തിനായി ഉപയോഗിക്കുന്ന പൊതുസ്ഥലങ്ങളും, മൈതാനങ്ങളും അതുപോലെതന്നെ ഹെലിപ്പാഡുകൾ തുടങ്ങിയവയും ഭരണകക്ഷിയുടെ മാത്രം ഉപയോഗത്തിനായി കൈയടക്കിവയ്ക്കാൻ പാടുള്ളതല്ല. മേൽപ്പറഞ്ഞ സ്ഥലങ്ങൾ ഭരണകക്ഷിക്കാർക്ക് ലഭ്യമായ അതേ വ്യവസ്ഥയിൽ തന്നെ മറ്റു കക്ഷികൾക്കും ലഭ്യമാക്കേണ്ടതാണ്.

3. റെസ്റ്റ്ഹൗസുകൾ, ഗസ്റ്റ്ഹൗസുകൾ തുടങ്ങിയവയിലെ സ്ഥലസൗകര്യങ്ങൾ പ്രചാരണ ഓഫീസായോ സമ്മേളന സ്ഥലമായോ ഉപയോഗിക്കാൻ പാടുള്ളതല്ല.

4. തിരഞ്ഞെടുപ്പ് സമയത്ത് അധികാരത്തിലിരിക്കുന്ന പാർട്ടിയുടെ താത്പര്യത്തിനായി അവരുടെ ഭരണനേട്ടങ്ങളെക്കുറിച്ച് കേന്ദ്രസംസ്ഥാന സർക്കാരുകളുടെയോ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെയോ ചെലവിൽ വർത്തമാനപ്പത്രങ്ങളിലോ, ദൃശ്യ-ശ്രവ്യ-സാമൂഹ്യമാധ്യമങ്ങളിലോ പരസ്യങ്ങൾ നൽകാൻ പാടില്ല.

5. തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു ശേഷം മന്ത്രിമാരോ, എം.പിമാരോ, എം.എൽ.എ.മാരോ, മേയർമാരോ, ഡെപ്യൂട്ടി ചെയർപേഴ്സണോ, ഡെപ്യൂട്ടി ചെയർപേഴ്സണോ, മേയർമാരോ, പഞ്ചായത്ത് പ്രസിഡന്റുമാരോ, വൈസ് പ്രസിഡന്റ്മാരോ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരോ, മറ്റ് അധികാരികളോ തങ്ങളുടെ വിവേചനാധികാരമുപയോഗിച്ച് നൽകാവുന്ന ഫണ്ടുകളിൽ നിന്ന് ആനുകൂല്യങ്ങൾ നൽകാൻ പാടുള്ളതല്ല.

6. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനു ശേഷം, മന്ത്രിമാർ, എം.പിമാർ, എം.എൽ.എ.മാർ, മേയർമാർ, ഡെപ്യൂട്ടി മേയർമാർ, ചെയർ പേഴ്സൺമാർ, ഡെപ്യൂട്ടി ചെയർപേഴ്സൺമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, മറ്റ് അധികാരികൾ തുടങ്ങിയവർ താഴെ പറയുന്ന കാര്യങ്ങൾ പാലിക്കേണ്ടതാണ് :-

(എ) പുതിയ ധനസഹായം അനുവദിക്കുകയോ നൽകാമെന്ന് ഉറപ്പ് നൽകുകയോ ചെയ്യാതിരിക്കുക, പുതുതായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാതിരിക്കുക.

(ബി) പുതിയ പദ്ധതികളുടെയോ സ്കീമുകളുടെയോ ഉദ്ഘാടനം, തറക്കല്ലിടൽ മുതലായവ ഒഴിവാക്കുക. റോഡ് നിർമ്മാണം, ശുദ്ധജല വിതരണം, വൈദ്യുതി വിതരണം തുടങ്ങിയവയെക്കുറിച്ച് പുതുതായി

ഉറപ്പുകൾ നൽകാതിരിക്കുക, പ്രഖ്യാപനങ്ങൾ നടത്താതിരിക്കുക.

(സി) സർക്കാരിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ ഇടക്കാല/താല്ക്കാലിക നിയമനങ്ങൾ നടത്താതിരിക്കുക.

(ഡി) കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, എം.പിമാർ, എം.എൽ.എ.മാർ, മേയർ, ഡെപ്യൂട്ടി മേയർ, ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, തദ്ദേശസ്ഥാപനങ്ങളിലെ അംഗം എന്നിവർ സ്ഥാനാർത്ഥി/ വോട്ടർ അല്ലെങ്കിൽ സ്ഥാനാർത്ഥിയുടെ ഏജന്റ് എന്നീ നിലയിലല്ലാതെ പോളിംഗ് സ്റ്റേഷനുകളിലോ കൗണ്ടിംഗ് സ്റ്റേഷനുകളിലോ പ്രവേശിക്കുവാൻ പാടുള്ളതല്ല.

**XIII.** കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെയും തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാൻ പാടില്ല. ഇവർ ഒരു സ്ഥാനാർത്ഥിയുടെ ഏജന്റായോ, പോളിംഗ് ഏജന്റായോ വോട്ടെണ്ണൽ ഏജന്റായോ പ്രവർത്തിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ്.

## XIV. ഡമ്മി ബാലറ്റുകളുടെ അച്ചടി

സ്ഥാനാർത്ഥികളോ, രാഷ്ട്രീയകക്ഷികളോ ഡമ്മി ബാലറ്റ് പേപ്പർ അച്ചടിക്കുന്നതിന് തടസ്സമില്ല, എന്നാൽ ഡമ്മി ബാലറ്റ് പേപ്പറിന് വലിപ്പത്തിലും നിറത്തിലും അസൽ ബാലറ്റ് പേപ്പറിനോട് സാമ്യം ഉണ്ടാകാൻ പാടില്ല. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവയ്ക്ക് വെള്ളയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് പിങ്കും ജില്ലാ പഞ്ചായത്തുകൾക്ക് നീലയും നിറത്തിലുള്ള ബാലറ്റ് പേപ്പറാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്. അതിനാൽ വെള്ള, പിങ്ക്, നീല, എന്നീ നിറങ്ങളൊഴിച്ച് മറ്റു നിറങ്ങളിൽ ഡമ്മി ബാലറ്റ് പേപ്പർ അച്ചടിക്കാം.

ഒരു സ്ഥാനാർത്ഥി തന്റെ പേര് ബാലറ്റ് പേപ്പറിൽ എവിടെ വരുമെന്ന് സൂചിപ്പിക്കാൻ സ്വന്തം പേരും ചിഹ്നവുമുള്ള ഡമ്മി ബാലറ്റ് പേപ്പർ അച്ചടിക്കുന്നതിന് തടസ്സമില്ല. പക്ഷെ അതേ നിയോജകമണ്ഡലത്തിൽ നിന്നും മത്സരിക്കുന്ന മറ്റു സ്ഥാനാർത്ഥികളുടെ പേരും ചിഹ്നവും ഉണ്ടായിരിക്കാൻ പാടില്ല.



# മാതൃകാ പെരുമാറ്റച്ചട്ടം: ജില്ലാതല മോണിറ്ററിംഗ് സമിതി

കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഡിസംബർ 11 ന് നടത്തുന്ന പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാപെരുമാറ്റ ച്ചട്ടം നവംബർ 10 മുതൽ പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ തിര ഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ചും മറ്റും സ്ഥാനാർത്ഥികൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ഉന്നയിക്കു ന്ന സംശയങ്ങൾക്ക് നിവാരണം നടത്തുന്നതിനും പരാതികളിൽ ഉടൻ പരിഹാര നടപടി സ്വീകരിക്കുന്നതിനും ജില്ലാതല മോണിറ്ററിംഗ് സമിതി രൂപീകരിച്ചു. ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാ കലക്ടർ അരുൺ കെ വിജയൻ ചെയർമാനായ സമിതിയുടെ കൺവീനർ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടർ ടി.ജെ അരുൺ ആണ്. കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർ പി. നിധിൻ രാജ്, റൂറൽ ജില്ലാ പോലീസ് മേധാവി അനുജ് പലിവാൾ, ഇലക്ഷൻ ഡെപ്യൂട്ടി കലക്ടർ കെ. കെ. ബിനി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ പി.പി. വിനീഷ് എന്നിവരാണ് സമിതി അംഗങ്ങൾ.

പെരുമാറ്റച്ചട്ടവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾക്ക് ഉടൻ തന്നെ പരിഹാരം കാണുന്നതിന് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും കു റ്റക്കാർക്കെതിരെ ആവശ്യമെങ്കിൽ നിയമനടപടി സ്വീകരിക്കേണ്ടതാണെ ന്നും കമ്മിറ്റി രൂപവത്കരിച്ചു കൊണ്ടുള്ള ഉത്തരവിൽ ജില്ലാ കളക്ടർ വ്യ ക്തമാക്കി. ഏതെങ്കിലും വിഷയം സംബന്ധിച്ച് കമ്മീഷൻ്റെ ഇടപെടൽ ആവശ്യമുള്ള പക്ഷം റിപ്പോർട്ട് സഹിതം അവ ഉടൻ തന്നെ കമ്മീഷനി ലേക്ക് മേൽ നടപടികൾക്കായി അയക്കേണ്ടതാണ്. ജില്ലാ മോണിറ്ററിംഗ് സമിതി യോഗം രണ്ട് ദിവസങ്ങളിൽ ഒരിക്കൽ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കണം. എന്നാൽ അടിയ ന്തര പ്രാധാന്യമുള്ള സന്ദർഭങ്ങളിൽ ഉടൻ തന്നെ യോഗം ചേർന്ന് നടപടി സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കി.

## ജില്ലാതല മീഡിയ റിലേഷൻസ് സമിതി

തദ്ദേശ സ്വയംഭരണ സ്ഥാപന പൊതു തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് മാധ്യമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾ ലംഘി ച്ചതായുള്ള പരാതികളിന്മേലും അല്ലെങ്കിൽ മറ്റേതെങ്കിലും മാധ്യമ സംബ ന്ധിയായ കാര്യങ്ങളിൽ തീർപ്പ് കൽപ്പിക്കുന്നതിനുമായി ജില്ലാ മീഡിയാ റിലേഷൻസ് സമിതി രൂപീകരിച്ചു. ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ നായ ജില്ലാ കലക്ടർ അരുൺ കെ വിജയൻ ചെയർമാനായ സമിതിയുടെ കൺവീനർ ജില്ലാ ഇൻഫർമേഷൻ ഓഫീസർ പി.പി. വിനീഷ് ആണ്. ഐ ആൻഡ് പി ആർ ഡി, കണ്ണൂർ റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ സി എഫ് ദിലീപ് കുമാർ, കലക്ടറേറ്റ് ലോ ഓഫീസർ ഒ.ടി. പ്രേംല, ദി ഹിന്ദു ദിന പത്രം റിട്ട. ബ്യൂറോ ചീഫ് പി. മുഹമ്മദ് നസീർ, കേരള സ്റ്റേറ്റ് ഐടി മിഷൻ ജില്ലാ പ്രൊജക്ട് മാനേജർ മിഥുൻ കൃഷ്ണ സി.എം എന്നിവരാണ് സമിതി അംഗങ്ങൾ.

# ഫീൽഡ് പരിശോധനയ്ക്ക് ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡ്

തദ്ദേശ സ്വയംഭരണ സ്ഥാപന പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശ പ്രകാരം ജില്ല-താലൂക്ക് തലത്തിൽ ആൻറി ഡീഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ച് തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കലക്ടർ അരുൺ കെ വിജയൻ ഉത്തരവായി. ജില്ലയിലെ തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ വിലയിരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും സ്ക്വാഡിന് ചുമതല നൽകി.

## ജില്ലാ സ്ക്വാഡ്

കെ എ എസ് ഓഫീസറായ ഡെപ്യൂട്ടി കലക്ടർ ആൻഡ് അപ്പലേറ്റ് അതോറിറ്റി (എൽ ആർ) കണ്ണൂർ ഡോ സിബി എൻ ആണ് ജില്ലാ ആൻറി ഡീഫേസ്മെൻറ് സ്ക്വാഡിന്റെ ചാർജ് ഓഫീസർ. ഫോൺ: 8921218055. അംഗങ്ങൾ: കെ അസീമ്പ, ക്ലാർക്ക്, അപ്പലേറ്റ് അതോറിറ്റി (എൽ ആർ) കണ്ണൂർ, പി മനോജ്, ക്ലാർക്ക്, അപ്പലേറ്റ് അതോറിറ്റി (എൽ ആർ) കണ്ണൂർ, സി ഉഷ, സീനിയർ ക്ലാർക്ക്, അപ്പലേറ്റ് അതോറിറ്റി (എൽ ആർ) കണ്ണൂർ, പി.കെ സൂര്യ, ക്ലാർക്ക്, അപ്പലേറ്റ് അതോറിറ്റി (എൽ ആർ) കണ്ണൂർ, എ പ്രജിത്ത്, അറ്റൻഡർ, അപ്പലേറ്റ് അതോറിറ്റി (എൽ ആർ) കണ്ണൂർ, സി.പി, പ്രനീത് സിവിൽ പോലീസ് ഓഫീസർ.

## താലൂക്ക് സ്ക്വാഡ്

**കണ്ണൂർ താലൂക്ക്:** പ്രേമൻ പി കെ, സീനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത്, കണ്ണൂർ-ചാർജ് ഓഫീസർ, ഫോൺ: 9446091144, പ്രദീപൻ, ജൂനിയർ സൂപ്രണ്ട്, പിഡബ്ല്യുഡി റോഡ് മെയ്ന്റനൻസ് ഡിവിഷൻ, കണ്ണൂർ, അനിൽ ഒ സി, ക്ലാർക്ക്, ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ, സജീവൻ, ഓഫീസ് അറ്റൻഡന്റ്, പിഡബ്ല്യുഡി സ്പെഷ്യൽ ബിൽഡിങ്സ് സെക്ഷൻ, കണ്ണൂർ, ഭവിത്ത് ലാൽ കെ ടി, ഓഫീസ് അറ്റൻഡന്റ്, കണ്ണൂർ ജില്ലാ പഞ്ചായത്ത്, അബിൻ കെ, സിവിൽ പോലീസ് ഓഫീസർ.

**തളിപ്പറമ്പ താലൂക്ക്:** പ്രകാശൻ കെ വി, ഇന്റേണൽ വിജിലൻസ് ഓഫീസർ, എൽ എസ് ജി ഡി കണ്ണൂർ -ചാർജ് ഓഫീസർ, ഫോൺ: 9446031238, സുരേഷ് ബാബു ടി, ജൂനിയർ സൂപ്രണ്ട്, എൽ എസ് ജി ഡി, കണ്ണൂർ, വിമൽ കെ, ക്ലാർക്ക്, എൽ എസ് ജി ഡി, കണ്ണൂർ, രമേശൻ പി വി, ഓഫീസ് അറ്റൻഡന്റ്, താലൂക്ക് ഓഫീസ്, തളിപ്പറമ്പ്, അഖിലേഷ്, ഓഫീസ് അറ്റൻഡന്റ്, ഡിഇഒ ഓഫീസ്, തളിപ്പറമ്പ്, പവിത്രൻ കെ വി, കുടിയാന്മല പോലീസ് സ്റ്റേഷൻ.

**പയ്യന്നൂർ താലൂക്ക്:** സതീശൻ കെ വി, ഇന്റേണൽ വിജിലൻസ് ഓഫീസർ, എൽ എസ് ജി ഡി, കണ്ണൂർ - ചാർജ് ഓഫീസർ ഫോൺ: 7907521794, വിനോദ്കുമാർ കെ കെ, ജൂനിയർ സൂപ്രണ്ട്, താലൂക്ക് ഓഫീസ് പയ്യന്നൂർ, പീതാംബരൻ എം വി, ക്ലാർക്ക്, താലൂക്ക് ഓഫീസ്

പയ്യന്നൂർ, രാഹുൽ സി എ, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, പെരിന്തട്ട വില്ലേജ്, അമൽ കെ, ഓഫീസ് അറ്റൻഡന്റ്, വെള്ളൂർ വില്ലേജ്, പയ്യന്നൂർ താലൂക്ക് വിപിൻ പി, പെരിങ്ങോം പോലീസ് സ്റ്റേഷൻ.

**തലശ്ശേരി താലൂക്ക്:** രത്നാകരൻ വി വി, ഇന്റേണൽ വിജിലൻസ് ഓഫീസർ, എൽ എസ് ജി ഡി, കണ്ണൂർ-ചാർജ് ഓഫീസർ, ഫോൺ: 9400533153, സുമേഷ് പി കെ, സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ, കോ-ഓപ്പറേറ്റീവ് വകുപ്പ്, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), തലശ്ശേരി, സത്യജിത്ത് ഐ കെ, ക്ലാർക്ക്, മൈനിംഗ് ആൻഡ് ജിയോളജി, കണ്ണൂർ, സുഖിൻ എ, ഓഫീസ് അറ്റൻഡന്റ്, മത്സ്യഭവൻ, തലശ്ശേരി, വിപിൻലാൽ പി പി, ലാബ് അസിസ്റ്റന്റ്, ജിവിഎച്ച്എസ്എസ് കതിരൂർ, നിധിൻ എം, സിവിൽ പോലീസ് ഓഫീസർ.

**ഇരിട്ടി താലൂക്ക്:** സുജിത്ത് കുമാർ പയ്യമ്പള്ളി, ഇന്റേണൽ വിജിലൻസ് ഓഫീസർ, എൽ എസ് ജി ഡി, കണ്ണൂർ-ചാർജ് ഓഫീസർ ഫോൺ: 8943720049, വിജേഷ് എൻ ടി, ജൂനിയർ സൂപ്രണ്ട്, ജോയിന്റ് ആർ ടി ഒ, ഇരിട്ടി, മണി പി പി, ക്ലാർക്ക്, താലൂക്ക് ഓഫീസ് ഇരിട്ടി, നിജു പി വി, ഓഫീസ് അറ്റൻഡന്റ്, ജി എച്ച് എസ് എസ് പെരിങ്കരി, ഷിന്റോ കെ സി, ഓഫീസ് അറ്റൻഡന്റ്, ജി യു പി എസ്, തലക്കാണി, ദിൽരൂപ്, മുഴക്കുന്ന് പോലീസ് സ്റ്റേഷൻ.

## തിരഞ്ഞെടുപ്പ് പ്രചാരണം പരിശോധിക്കും

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധ രാഷ്ട്രീയ കക്ഷികളും സ്ഥാനാർഥികളും നടത്തുന്ന പ്രചാരണ പരിപാടികൾ നിയമപരമാണോ എന്ന് പരിശോധിക്കുകയാണ് സ്ക്വാഡിന്റെ പ്രധാന ഉത്തരവാദിത്തം. നോട്ടീസുകൾ, ബാനറുകൾ, ബോർഡുകൾ, പോസ്റ്ററുകൾ, ചുവരെഴുത്തുകൾ, മൈക്ക് അനൗൺസ്മെന്റ്, പൊതുയോഗങ്ങൾ, യോഗങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ മുഖേനയുള്ള പ്രചാരണ പരിപാടികൾ എന്നിവയുടെ നിയമസാധുത സ്ക്വാഡ് പരിശോധിക്കും. നോട്ടീസും ലഘുലേഖയും പ്രസിദ്ധീകരിക്കുന്നതും കമാനങ്ങൾ സ്ഥാപിക്കുന്നതും സംബന്ധിച്ച് കമ്മീഷൻ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കും. പ്ലാസ്റ്റിക്, ഫ്ളക്സ് മുതലായവയുടെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തി തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ ഹരിതചട്ടം ഉറപ്പാക്കും.



# ഹരിത പെരുമാറ്റചട്ടം

1. വിവിധ സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്ന ബോർഡുകൾ, ബാനറുകൾ, ഹോർഡിംഗുകൾ, പോസ്റ്ററുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് പി.വി.സി ഫ്ലക്സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത്, പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള തുണി, പോളിസ്റ്റർ കൊണ്ടുള്ള തുണി തുടങ്ങി പ്ലാസ്റ്റിക്കിന്റെ അംശമോ, പ്ലാസ്റ്റിക് കോട്ടിങ്ങോ ഉള്ള പുന:ചംക്രമണം സാധ്യമല്ലാത്ത എല്ലാത്തരം സാമഗ്രികളുടെയും ഉപയോഗം ഒഴിവാക്കേണ്ടതാണ്. പകരം പൂർണ്ണമായും പേപ്പർ, പി.സി.ബി സർടിഫൈ ചെയ്ത 100% കോട്ടൺ. പോളിഎത്തിലിൻ തുടങ്ങിയ പുന:ചക്രമണം ചെയ്യാൻ കഴിയുന്ന പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്നവ മാത്രമേ പ്രചരണ പരിപാടികൾക്ക് ഉപയോഗിക്കുവാൻ പാടുള്ളൂ. പോളിഎത്തിലീൻ ഷീറ്റുകളിൽ പി.സി.ബി അംഗീകൃത ക്യൂആർ കോഡ്, പി.വി.സി ഫ്രീ റിസൈക്ലബൾ ലോഗോ, പ്രിന്ററുടെ വിശദാംശംങ്ങൾ എന്നിവ നിർബന്ധമായും ഉണ്ടാകണം.
2. ഇലക്ഷൻ ആവശ്യത്തിന് പരാമർശ പ്രകാരമുള്ള മെറ്റീരിയലുകൾ മാത്രമേ സ്റ്റോക്ക് ചെയ്യുന്നുള്ളുവെന്ന് ഡീലർമാരും ആയതിൽ മാത്രമേ പ്രിന്റ് ചെയ്യുന്നുള്ളുവെന്ന് പ്രിന്റർമാരും ഉറപ്പ് വരുത്തേണ്ടതാണ്.
3. രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർഥികൾ പ്രചരണത്തിനും അലങ്കാരത്തിനുമായി ഉപയോഗിക്കുന്ന കൊടിതോരണങ്ങൾ പൂർണ്ണമായും പ്ലാസ്റ്റിക്, പിവിസി വിമുക്തമാക്കേണ്ടതാണ്.
4. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക പരസ്യങ്ങൾ, സൂചകങ്ങൾ, ബോർഡുകൾ തുടങ്ങിയവ പൂർണ്ണമായും പേപ്പർ പി.സി.ബി സർട്ടിഫൈചെയ്ത 100% കോട്ടൺ, പോളിഎത്തിലിൻ തുടങ്ങിയ പുന:ചക്രമണം ചെയ്യാൻ കഴിയുന്ന പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്നവ മാത്രമേ പ്രചാരണ പരിപാടികൾക്ക് ഉപയോഗിക്കുവാൻ പാടുള്ളൂ. തിരഞ്ഞെടുപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും പരമാവധി പരിസ്ഥിതി സൗഹൃദ വസ്തുക്കളും പുന:ചക്രമണം ചെയ്യാൻ കഴിയുന്ന മറ്റ് വസ്തുക്കളും ഉപയോഗിക്കേണ്ടതാണ്. ആയത് ജില്ലാ കളക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.
5. രാഷ്ട്രീയ പാർട്ടികളുടെ ഇലക്ഷൻ ഓഫീസുകൾ അലങ്കരിക്കുന്നതിന് പ്രകൃതി സൗഹൃദ വസ്തുക്കൾ, പുന:ചക്രമണം ചെയ്യാൻ കഴിയുന്ന വസ്തുക്കൾ മാത്രം ഉപയോഗിക്കേണ്ടതാണ്.
6. തിരഞ്ഞെടുപ്പ് പ്രചാരണം, കൺവെൻഷനുകൾ, റോഡ് ഷോകൾ, യോഗങ്ങൾ, റാലികൾ. സമ്മേളനങ്ങൾ തിരഞ്ഞെടുപ്പ് സംബന്ധിച്ച പരിശീലനങ്ങൾ, തിരഞ്ഞെടുപ്പ് പ്രക്രിയ എന്നിവയിലെല്ലാം തന്നെ പരാമർശം (2) പ്രകാരമുള്ള (തെർമോകോൾ, സ്റ്റൈറോഫോം

എന്നിവ ഉപയോഗിച്ചുണ്ടാക്കുന്ന പ്ലേറ്റുകൾ, കപ്പുകൾ, അലങ്കാര വസ്തുക്കൾ, പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള പേപ്പർ കപ്പുകൾ, ബൗളുകൾ തുടങ്ങിയവ) എല്ലാത്തരം നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെയും ഡിസ്പോസബിൾ വസ്തുക്കളുടെയും ഉപയോഗം ഒഴിവാക്കിക്കൊണ്ട് മാലിന്യം രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.

7. പോളിംഗ് ബൂത്തുകൾ സജ്ജമാക്കുമ്പോൾ നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികളിൽ ഗ്രീൻ പ്രോട്ടോകോൾ ഒരു സെഷനായി ഉൾപ്പെടുത്തേണ്ടതും ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർമാരെ സെഷൻ കൈകാര്യം ചെയ്യുന്നതിന് ജില്ലാ കളക്ടർമാർ ചുമതലപ്പെടുത്തേണ്ടതുമാണ്. പരിശീലന പരിപാടികളിലുടനീളം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കേണ്ടതും സ്റ്റീൽ ചില്ല്, സെറാമിക് തുടങ്ങി കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങൾ, കപ്പുകൾ ഭക്ഷണ-പാനീയ വിതരണത്തിന് ഉപയോഗിക്കേണ്ടതുമാണ്.

9. പോളിംഗ് ബൂത്തുകൾ വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവയുടെ ക്രമികരണത്തിനും ഇലക്ഷൻ സാധന സാമഗ്രികളുടെ കൈമാറ്റത്തിനും പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി നിയന്ത്രിക്കേണ്ടതാണ്.

10. പോളിംഗ് ഉദ്യോഗസ്ഥരും ഏജന്റുമാരും ഭക്ഷണപദാർത്ഥങ്ങൾ, കടിവെള്ളം മുതലായവ കൊണ്ടുവരുവാൻ പ്ലാസ്റ്റിക് ബോട്ടലുകളും, കവറുകളും കണ്ടെയിനറുകളും ഒഴിവാക്കേണ്ടതാണ്. പകരം കുടിവെള്ളം ബൂത്തുകളിൽ തന്നെ ഡിസ്പെൻസറുകളിൽ സ്റ്റീൽ ചില്ല് ഗ്ലാസുകൾ സഹിതം ക്രമീകരിക്കേണ്ടതാണ്. ഭക്ഷണത്തിന് പ്ലാസ്റ്റിക് പാഴ്സലുകൾ ഒഴിവാക്കി പകരം കുടുംബശ്രീ യൂണിറ്റുകൾ മുഖേന വാഴയിലയിലോ പാത്രങ്ങളിലോ ഭക്ഷണ പാഴ്സലുകൾ തയ്യാറാക്കാവുന്നതാണ്. ആയതിനുള്ള ക്രമീകരണം കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഒരുക്കേണ്ടതാണ്.

11. തിഞ്ഞെടുപ്പിന് വോട്ടർമാർക്ക് ഔദ്യോഗികമായി നൽകുന്ന ഫോട്ടോ ഉൾപ്പെടുന്ന വോട്ടർ സ്ലിപ്പ്, രാഷ്ട്രീയപാർട്ടികൾ നൽകുന്ന സ്ലിപ്പുകൾ എന്നിവ പോളിംഗ് ബൂത്തിന്റെ പരിസരങ്ങളിൽ ഉപേക്ഷിക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ആയത് ഒഴിവാക്കുന്നതിനായി ബൂത്തിന്റെ പരിസരങ്ങളിൽ ബിന്നുകൾ സ്ഥാപിച്ച് സ്ലിപ്പുകൾ നിക്ഷേപിക്കേണ്ടതും ഇവ ഹരിത കർമ്മസേന മുഖേന ശേഖരിച്ച് സംസ്കരിക്കാനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്.

12. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിതരണ, സ്വീകരണ, വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ വോട്ടെണ്ണലിന് ശേഷം അവശേഷിക്കുന്ന പേപ്പറുകളും മറ്റ് പാഴ് വസ്തുക്കളും സംഭരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും പ്രസ്തുത കേന്ദ്രങ്ങൾ ശുചീകരിക്കുന്നതിനും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

13. പോളിംഗ് സ്റ്റേഷനുകളിലും വിതരണ, സ്വീകരണ, വോട്ടെണ്ണൽ കേന്ദ്രങ്ങളിലും വോട്ടെടുപ്പ്, വോട്ടെണ്ണൽ ദിവസങ്ങളിൽ ജൈവ അജൈവ വസ്തുക്കൾ വെവ്വേറെ നിക്ഷേപിക്കുന്നതിന് വേണ്ട ബിന്നുകൾ സ്ഥാപിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതുമാണ്.

14. വോട്ടെടുപ്പ് അവസാനിച്ചാൽ ഉടൻ അതാത് സ്ഥാനാർത്ഥികളും രാഷ്ട്രീയ കക്ഷികളും തിരഞ്ഞെടുപ്പ് പ്രചരണവുമായി ബന്ധപ്പെട്ട എല്ലാത്തരം സാമഗ്രികളും ശേഖരിച്ച് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മ സേനയ്ക്ക് യൂസർഫീ സഹിതം കൈമാറേണ്ടതാണ്. ആയതിനുള്ള രസീത് ഹരിതകർമ്മ സേന/ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാനാർത്ഥികൾ രാഷ്ട്രീയ പാർട്ടികൾക്ക് ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം നീക്കം ചെയ്യുന്നില്ലെങ്കിൽ വോട്ടെടുപ്പ് അവസാനിച്ച് അഞ്ചു ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി പ്രസ്തുത സാമഗ്രികൾ നീക്കം ചെയ്യേണ്ടതും പുനഃചംക്രമണം നടത്തുന്നതിന് ക്ലീൻകേരള കമ്പനി സർക്കാർ അംഗീകൃത ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ആയതിന്റെ ചെലവ് പ്രസ്തുത സാമഗ്രികളുടെ ഉണഭോക്താവായ സ്ഥാനാർത്ഥിയിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നിയമനടപടികളും സ്വീകരിക്കേണ്ടതാണ്.

15. പോളിംഗ് സ്റ്റേഷൻ വിതരണ-സ്വീകരണ കേന്ദ്രങ്ങൾ എന്നിവയ്ക്കായി ഉപയോഗിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതു/ സ്വകാര്യ കെട്ടിടങ്ങളിലെ ചുമരുകളിലും പരിസരത്തും ബോധവൽക്കരണത്തിനായി കമ്മീഷന്റെ നിർദ്ദേശാനുസരണം പതിക്കുന്ന പോസ്റ്ററുകളും ബോർഡുകളും മറ്റും നീക്കം ചെയ്ത് വൃത്തിയാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

16. ഓരോ രാഷ്ട്രീയ പാർട്ടികളുടെയും തിരഞ്ഞെടുപ്പ് ഓഫീസുകളിൽ മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുന്നതിന് ബിന്നുകൾ. ഭക്ഷണ പാനീയ വിതരണത്തിന് കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങൾ, ഗ്ലാസുകൾ എന്നിവ സ്വന്തം നിലയിൽ സജ്ജീകരിക്കേണ്ടതാണ്.

17. പൊതു നിരത്തുകൾ കേന്ദ്രീകരിച്ച് നടത്തുന്ന റാലികളിലും റോഡ് ഷോകളിലും മാലിന്യം നിരത്തുകളിൽ നിക്ഷേപിക്കുന്ന ഉപേക്ഷിക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്. ഇത്തരം പരിപാടികൾക്ക് ശേഷം രാഷ്ട്രീയ പാർട്ടികൾ പ്രസ്തുത ഇടങ്ങൾ ശുചീകരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതാണ്. മാലിന്യം നിക്ഷേപിക്കപ്പെട്ടാൽ ആയത് നീക്കം ചെയ്യാനും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

18. പൊതു തിരഞ്ഞെടുപ്പിനു ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ക്ലീൻകേരള കമ്പനി, ഹരിത കർമ്മസേന, സന്നദ്ധ സംഘടനകൾ, വിവിധ രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയവയുടെ




സഹായത്തോടെ ഇലക്ഷനുമായി ബന്ധപ്പെട്ട പാഴ് വസ്തുക്കൾ നീക്കം ചെയ്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

19. പ്രചരണ പ്രവർത്തനങ്ങളിൽ ശബ്ദമലീനകരണം ഒഴിവാക്കേണ്ടതും നിയമം അനുശാസിക്കുന്ന വിധത്തിൽ മാത്രം ലൗഡ്സ്പീക്കർ പബ്ലിക്ക് അഡ്രസ്സിങ് സിസ്റ്റം തുടങ്ങിയ ഉപയോഗിക്കേണ്ടതാണ്.

20. പടക്കം, വെടിക്കെട്ട് മുതലായവ നിലവിലുള്ള നിയമങ്ങൾ അനുശാസിക്കും വിധം മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

21. നിരോധിത ഉൽപ്പന്നങ്ങളുടെ ഉപയോഗം. മാലിന്യം പൊതു നിരത്തിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കൽ, കത്തിക്കൽ തുടങ്ങിയ നിയമലംഘനങ്ങൾ കണ്ടെത്തിയാൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ്, ഇലക്ഷൻ സ്ക്വാഡ് എന്നിവർ നിയലംഘനം നടത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

22. പൊതു തിരഞ്ഞെടുപ്പ് കാലയളവിൽ ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതു സംബന്ധിച്ച് നോഡൽ ഓഫീസർ ശുചിത്വമിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ ആയിരിക്കും.

23. വിവിധ വകുപ്പുകൾ, സർക്കാർ എജൻസികൾ എന്നിവയുടെ ഏകോപനം ഉണ്ടാകുന്ന എന്നും 2025 ലെ തദ്ദേശ സ്വയംഭരണ പൊതുതിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹാർദ്ദമായി നടപ്പിലാക്കുന്നവെന്നും അതത് ജില്ലാ കളക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

### എ ഐ പ്രചാരണങ്ങൾക്ക് കർശന നിരീക്ഷണം

തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) ഉപയോഗിച്ചുള്ള പ്രചാരണങ്ങൾക്ക് കർശന നിരീക്ഷണം ഏർപ്പെടുത്തി. ആധുനിക സാങ്കേതിക വിദ്യകളിലൂടെ വ്യാജ ചിത്രങ്ങളും ശബ്ദ സന്ദേശങ്ങളും തെറ്റായ വിവരങ്ങളും നിർമ്മിക്കുന്നതും

അവ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ ഉപയോഗിക്കുന്നതിനെതിരെ ശക്തമായ നടപടികളുണ്ടാവും. പ്രചാരണത്തിന്റെ വിശ്വാസ്യതയും മത്സരത്തിലെ തുല്യതയും ഉറപ്പാക്കുന്നതിന് സ്ഥാനാർഥികളും രാഷ്ട്രീയ പാർട്ടികളും പ്രചാരണം നടത്തുന്നവരും ഇക്കാര്യം കൃത്യമായി ശ്രദ്ധിക്കണം.

തിരഞ്ഞെടുപ്പ് കാലത്ത് സാങ്കേതികവിദ്യകൾ ദുരുപയോഗം ചെയ്യപ്പെടുന്നതിനുള്ള സാധ്യത കൂടുതലാണ്. പ്രചാരണത്തിന് ഉപയോഗിക്കുന്ന ഡീപ് ഫേക്ക്, സിന്തറ്റിക് കണ്ടന്റ് എന്നിവ പൊതുജനാഭിപ്രായത്തെ തെറ്റിദ്ധരിപ്പിക്കാനും തിരഞ്ഞെടുപ്പ് പ്രക്രിയയെ ബാധിക്കാനും സാധ്യതയുണ്ട്. സാങ്കേതികവിദ്യയുടെ ദുരുപയോഗമില്ലാതെ തിരഞ്ഞെടുപ്പ് നീതിപൂർവ്വമാക്കാൻ ഇത് സംബന്ധിച്ച് വ്യക്തമായ മാർഗനിർദ്ദേശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി.

ഐ ടി ആക്ട് 2000, ഐടി (ഡിജിറ്റൽ മീഡിയ എത്തിക്സ് കോഡ്) റൂൾസ് 2021, ഭാരതീയ ന്യായ സംഹിത 2023, മാതൃകാ പെരുമാറ്റ ചട്ടം എന്നിവയിലുള്ള എല്ലാ വ്യവസ്ഥകളും ഇത്തരം ഉള്ളടക്കങ്ങളുടെ നിർമ്മാണത്തിലും പ്രചാരണത്തിലും കൃത്യമായി പാലിക്കണം. ഡീപ് ഫേക്ക് വീഡിയോ, ഓഡിയോ, തെറ്റായ വിവരങ്ങൾ, സ്ത്രീകളെ അപമാനിക്കുന്ന ഉള്ളടക്കം, കുട്ടികളെ പ്രചാരണത്തിനായി ഉപയോഗിക്കുന്നത്, മൃഗങ്ങളോടുള്ള ഹിംസ പ്രചരിപ്പിക്കുന്നത് എന്നിവ പൂർണ്ണമായും വിലക്കുന്നു.

പ്രചാരണത്തിനായി ഉപയോഗിക്കുന്ന എ.ഐ., അല്ലെങ്കിൽ ഡിജിറ്റലായി മാറ്റം വരുത്തിയ എല്ലാ ഉള്ളടക്കങ്ങളിലും 'AI Generated'/ 'Digitally Enhanced'/ 'Synthetic Content' എന്നീ വ്യക്തമായ ലേബലുകൾ ഉൾക്കൊള്ളണം. വീഡിയോയിൽ സ്ക്രീനിന് മുകളിലായി, ചിത്രങ്ങളിൽ കുറഞ്ഞത് 10 ശതമാനം ഡിസ്പ്ലേ ഭാഗത്തും, ഓഡിയോയിൽ ആദ്യ 10 ശതമാനം സമയദൈർഘ്യത്തിലും ലേബൽ വ്യക്തമായി ഉണ്ടാകണം. ഉള്ളടക്കം സൃഷ്ടിച്ച വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേര് മെറ്റാഡാറ്റയിലും വിവരണത്തിലും വെളിപ്പെടുത്തണം.

ഒരാളുടെ രൂപം, ശബ്ദം, സ്വത്വം തുടങ്ങിയവ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മാറ്റിയും അനുമതിയില്ലാതെയും പ്രചരിപ്പിക്കുന്നതും പൂർണമായും നിരോധിച്ചു. പാർട്ടികളുടെ ഔദ്യോഗിക സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളിൽ ഇത്തരം ഉള്ളടക്കം കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്താൽ മൂന്ന് മണിക്കൂറിനുള്ളിൽ അത് നീക്കം ചെയ്യണം. കൂടാതെ അവയുടെ സൃഷ്ടിക്ക് ഉത്തരവാദികളായവർക്ക് മുന്നറിയിപ്പ് നൽകണം, വ്യാജ അക്കൗണ്ടുകളും നിയമവിരുദ്ധ വിവരങ്ങളും അതത് പ്ലാറ്റ്ഫോമുകൾക്ക് റിപ്പോർട്ട് ചെയ്യണം. എ.ഐ. ഉപയോഗിച്ച് നിർമ്മിച്ച എല്ലാ പ്രചാരണ സാമഗ്രികളും സൃഷ്ടിക്കപ്പെട്ട തീയതി, നിർമ്മാതാവിന്റെ വിവരങ്ങൾ എന്നിവ ആഭ്യന്തര രേഖകളായി രാഷ്ട്രീയ പാർട്ടികൾ സൂക്ഷിക്കണമെന്നും കമ്മീഷൻ നിർദേശിച്ചു.

## തപാൽ ബാലറ്റിന് പോസ്റ്റിങ്ങ് ഓർഡറിന്റെ പകർപ്പ് സഹിതം അപേക്ഷിക്കണം

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർക്ക് തപാൽ ബാലറ്റ് അനുവദിച്ച് കിട്ടുന്നതിനായി പോസ്റ്റിങ്ങ് ഓർഡറിന്റെ പകർപ്പ് സഹിതം ബന്ധപ്പെട്ട റിട്ടേണിങ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. പ്രിസൈഡിങ് ഓഫീസറോ ഫസ്റ്റ് പോളിംഗ് ഓഫീസറോ ആയി നിയോഗിക്കപ്പെട്ട ജീവനക്കാർക്ക് പരിശീലനകേന്ദ്രത്തിൽ അപേക്ഷിക്കാനുള്ള സൗകര്യമുണ്ട്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലെ പോസ്റ്റൽ ബാലറ്റിനായി അതിന്റെ ഓരോ വരണാധികാരിക്കും പ്രത്യേകം അപേക്ഷകൾ സമർപ്പിക്കണം. എല്ലാ തലത്തിലെയും പോസ്റ്റൽ ബാലറ്റിനായി മൂന്നു വരണാധികാരികൾക്കുമുള്ള ഫോറം 15 ലെ മൂന്ന് അപേക്ഷകളും ഒരു കവറിലാക്കി ബന്ധപ്പെട്ട ഏതെങ്കിലും ഒരു വരണാധികാരിക്ക് നൽകിയാലും മതി. അപേക്ഷയിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഡ് പാർട്ട് നമ്പർ, ക്രമനമ്പർ എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം രേഖപ്പെടുത്തണം. അപേക്ഷാ ഫോറം വരണാധികാരിയുടെ ഓഫീസിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിലും ലഭ്യമാണ്.




## കലക്ടറേറ്റിൽ ലീപ് കേരള ഹെൽപ്പ് ഡെസ്ക് സേവനം നൽകി

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർമാരെ ബോധവത്കരിക്കുന്നതിനും വോട്ടർ പട്ടിക പരിശോധനയ്ക്കുമായുള്ള ലീപ് കേരള വോട്ടർ ഹെൽപ് ഡെസ്ക് കലക്ടറേറ്റിൽ സേവനം നൽകി. ജില്ലാ കലക്ടർ അരുൺ കെ വിജയൻ ഉദ്ഘാടനം ചെയ്തു.

ലീപ് ഹെൽപ് ഡെസ്ക് മുഖേന തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയിൽ പേര് പരിശോധിക്കാനും പുതുതായി പേര് ചേർക്കാനും അവസരം നൽകിയിരുന്നു. വോട്ടർ ബോധവത്ക്കരണ പരിപാടി, യോഗ്യരായവരെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നത് ഉറപ്പാക്കുക, തിരഞ്ഞെടുപ്പ് പങ്കാളിത്തത്തിൽ യുവ വോട്ടർമാരുടെ നിസ്സംഗത പരിഹരിക്കുക, തിരഞ്ഞെടുപ്പ് സംവിധാനത്തിൽ പങ്കാളികളാകേണ്ടതിന്റെ പ്രാധാന്യം വോട്ടർമാരെ ഉദ്ബോധിപ്പിക്കുക തുടങ്ങിയവയാണ് ലീപ് ക്യാമ്പയിനിന്റെ ലക്ഷ്യം.

## മട്ടന്നൂർ തദ്ദേശ തിരഞ്ഞെടുപ്പ് ആവേശത്തിന് 2027 വരെ കാത്തിരിക്കണം

നാടെങ്ങും തിരഞ്ഞെടുപ്പ് ആവേശം അലയടിക്കുമ്പോൾ കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ 2025ലെ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് ഉണ്ടാവില്ല. 2027 സെപ്റ്റംബർ വരെ ഭരണസമിതിക്ക് കാലാവധിയുള്ളതാണ് കാരണം. 2022ലാണ് മട്ടന്നൂരിൽ അവസാനമായി തിരഞ്ഞെടുപ്പ് നടന്നത്. അഞ്ച് വർഷ കാലാവധി അടിസ്ഥാനമാക്കി തെരഞ്ഞെടുപ്പ് നടത്തുമ്പോൾ മറ്റു തദ്ദേശസ്ഥാപനങ്ങൾക്കൊപ്പം മട്ടന്നൂരിൽ തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കില്ല. 2027 ൽ മട്ടന്നൂരിൽ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് നടക്കും.



## വോട്ടർ ബോധവത്കരണ വീഡിയോ പുറത്തിറക്കി

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന് മുന്നോടിയായി ലീപ് കേരള ജില്ലാ വിഭാഗം വോട്ടർ ബോധവത്കരണ വീഡിയോ പുറത്തിറക്കി. ജില്ലാ കലക്ടർ അരുൺ കെ വിജയൻ പ്രകാശനം ചെയ്തു. യോഗ്യരായവരെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നത് ഉറപ്പാക്കുക, വോട്ടിംഗ് പങ്കാളിത്തത്തിൽ യുവ വോട്ടർമാരുടെ ഇടയിലുള്ള നിസംഗത പരിഹരിക്കുക, തിരഞ്ഞെടുപ്പ് സംവിധാനത്തിൽ പങ്കാളികളാകേണ്ടതിന്റെ പ്രാധാന്യം വോട്ടർമാരെ ഉദ്ബോധിപ്പിക്കുക തുടങ്ങിയവയാണ് ലീപ് ക്യാമ്പയിനിന്റെ ലക്ഷ്യം.
ലീപ് മുഖേന തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ട് ഉണ്ടോയെന്ന് പരിശോധിക്കാനും വോട്ടർ പട്ടികയിൽ പേര് ചേർക്കാനും അവസരം നൽകിയിരുന്നു. ഇതിനായി കണ്ണൂർ കലക്ടറേറ്റിൽ ലീപ് ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചിരുന്നു.

## ഇ വി എം: ജില്ലയിൽ വേണ്ടത് 2960 കൺട്രോൾ യൂനിറ്റ്, 7620 ബാലറ്റ് യൂനിറ്റ്

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന് കണ്ണൂർ ജില്ലയിൽ വേണ്ടത് 2960 കൺട്രോൾ യൂനിറ്റ്, 7620 ബാലറ്റ് യൂനിറ്റ് എന്നിവയാണ്. ലഭ്യമായത് 3609 കൺട്രോൾ യൂനിറ്റും 9780 ബാലറ്റ് യൂനിറ്റും.

2005 ലെ പൊതുതിരഞ്ഞെടുപ്പ് മുതൽ നഗരസഭാ തിരഞ്ഞെടുപ്പിലും 2015 മുതൽ ത്രിതലപഞ്ചായത്ത് തിരഞ്ഞെടുപ്പിലും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ചു വരുന്നു.

ഒരു കൺട്രോൾ യൂണിറ്റും ഒരു ബാലറ്റ് യൂണിറ്റും ചേരുന്നതാണ് സിംഗിൾ പോസ്റ്റ് ഇ.വി.എം. നഗരസഭകളിൽ ഉപയോഗിക്കുന്നത് ഇത്തരം മെഷീനുകളാണ്.

എന്നാൽ, ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിന് മൾട്ടിപോസ്റ്റ് ഇ.വി.എം. ആണ് ഉപയോഗിക്കുക. ഒരേ സമയം നടക്കുന്ന വോട്ടെടുപ്പിൽ ഉപയോഗിക്കുന്ന ഇ.വി.എമ്മിന് ഒരു കൺട്രോൾ യൂണിറ്റും മൂന്ന് ബാലറ്റ് യൂണിറ്റുകളും ഉണ്ടായിരിക്കും.

വോട്ടിംഗ് കംപാർട്ട്മെന്റിൽ വച്ചിട്ടുള്ള മൂന്ന് ബാലറ്റ് യൂണിറ്റുകൾ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ ക്രമത്തിലാണ് സജ്ജീകരിച്ചിട്ടുള്ളത്.

ഏതെങ്കിലും തലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ എണ്ണം 15-ൽ കൂടുതൽ ഉണ്ടെങ്കിൽ രണ്ടാമതൊരു ബാലറ്റ് യൂണിറ്റ് കൂടി സജ്ജമാക്കും. 16 മുതലുള്ള സ്ഥാനാർ ത്ഥികളുടെ വിവരം രണ്ടാമത്തെ ബാലറ്റ് യൂണിറ്റിലായിരിക്കും.

## ഇ.വി.എമ്മുകളുടെ സുരക്ഷ

ഇ.വി.എമ്മുകൾ ഉന്നത സുരക്ഷിതത്വനിലവാരം പുലർത്തുന്നവയാണ്. വിപുലമായ സുരക്ഷാമാനദണ്ഡങ്ങളാണ് ഇവയിൽ ഏർപ്പെടുത്തിയിട്ടുള്ളത്.

ഇവയിൽ ഉപയോഗിക്കുന്ന മൈക്രോ കൺട്രോളർ ചിപ്പിൽ ഒരു പ്രാവശ്യം മാത്രമേ പ്രോഗ്രാം ചെയ്യാൻ കഴിയുകയുള്ളൂ. ചിപ്പിലെ സോഫ്റ്റ് വെയർ കോഡ് വായിക്കാനോ തിരുത്താനോ സാധ്യമല്ല.

ഇ.വി.എമ്മുകളിൽ നെറ്റ് കണക്ടിവിറ്റി ഇല്ലാത്തതിനാലും, നെറ്റ് വർക്ക് മുഖേന കടന്നു കയറാൻ സാധ്യമല്ലാത്തതിനാലും അവ പൂർണമായും സ്വതന്ത്രമാണ്. കൃത്രിമത്വം തടയുന്നതിനായി ടാമ്പർ ഡിറ്റക്ട് മെക്കാനിസം (Tamper Detect Mechanism) ഉൾപ്പെടുത്തിയിട്ടുണ്ട്. ഇ.വി.എമ്മിൽ ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിച്ചിട്ടില്ല.

### നോട്ട (NOTA)

തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിൽ നോട്ട (NOTA) ഏർപ്പെടുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ നോട്ട സംബന്ധിച്ച് വ്യവസ്ഥയില്ല.

# വോട്ടെടുപ്പ്, വോട്ടെണ്ണൽ

## പോളിംഗ് ഏജന്റ്

ഒരു സ്ഥാനാർത്ഥിക്കോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റിനോ ഓരോ പോളിംഗ് സ്റ്റേഷനിലേക്കും ഒരു പോളിംഗ് ഏജന്റിനെയും രണ്ട് റിലീഫ് ഏജൻറുമാരെയും നിയമിക്കാം.

## മോക്ക് പോൾ

വോട്ടെടുപ്പ് ദിവസം രാവിലെ ആറ് മണിക്ക് ഹാജരായ സ്ഥാനാർത്ഥികളുടെയോ ഏജന്റുമാരുടെയോ സാന്നിധ്യത്തിൽ മോക്ക്പോൾ നടത്തും.

## പോളിംഗ് സമയം

വോട്ടെടുപ്പിന് നിശ്ചയിച്ച ദിവസം രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ആറു മണി വരെയാണ് വോട്ടെടുപ്പ്. വൈകുന്നേരം ആറു മണി വരെ പോളിംഗ് സ്റ്റേഷനിൽ വോട്ടു ചെയ്യാൻ ഹാജരായിട്ടുള്ള മുഴുവൻ പേർക്കും വോട്ട് ചെയ്യാൻ അവസരം നൽകും.

വോട്ടെടുപ്പ് അവസാനിക്കുമ്പോൾ ക്യൂവിൽ നിൽക്കുന്നവർക്കെല്ലാം വോട്ട് ചെയ്യാം വോട്ടെടുപ്പ് അവസാനിപ്പിക്കാൻ നിശ്ചയിച്ച സമയത്തിന് പോളിങ് സ്റ്റേഷനിൽ ക്യൂവിൽ നിൽക്കുന്ന എല്ലാവരെയും വോട്ട് ചെയ്യാൻ അനുവദിക്കും.

ഇവർക്ക് പ്രിസൈഡിങ് ഓഫീസർ ഒപ്പിട്ട സ്ലിപ്പ് നൽകും. ഏറ്റവും അവസാനത്തെയാൾക്ക് ഒന്ന് എന്ന ക്രമത്തിലാണ് സ്ലിപ്പ് നൽകുക. വോട്ടെടുപ്പ് അവസാനിപ്പിക്കുന്നതിനുള്ള സമയം കഴിഞ്ഞാലും ക്യൂവിലുള്ള സമ്മതിദായകർ എല്ലാവരും വോട്ട് ചെയ്തു കഴിയുന്നതുവരെ വോട്ടെടുപ്പ് തുടരും.

## പോൾ മാനേജർ

വോട്ടെടുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ പോളിംഗ് സ്റ്റേഷനുകളിൽ നിന്നും വേഗത്തിൽ ലഭ്യമാക്കാനാണ് പോൾ മാനേജർ മൊബൈൽ ആപ്പ് ഉപയോഗിക്കുന്നത്. വോട്ടെടുപ്പ് ദിവസവും അതിന്റെ തലേദിവസവുമാണ് പോൾ മാനേജർ ആപ്പ് ഉപയോഗിക്കുക. പ്രിസൈഡിംഗ് ഓഫീസർ, ഫസ്റ്റ് പോളിംഗ് ഓഫീസർ, സെക്കൻഡ് ഓഫീസർ എന്നിവരാണ് ആപ്പ് ഉപയോഗിക്കുക.

വോട്ടിംഗ് യന്ത്രങ്ങളും പോളിംഗ് സാമഗ്രികളും ഏറ്റു വാങ്ങുന്നത് മുതൽ വോട്ടെടുപ്പ് കഴിഞ്ഞ് അവ തിരിച്ച് ഏൽപ്പിക്കുന്നത് വരെയുള്ള എല്ലാ വിവരങ്ങളും ആപ്പിൽ രേഖപ്പെടുത്തും. വോട്ടെടുപ്പ് ദിവസം കൃത്യമായ ഇടവേളകളിൽ എല്ലാ പോളിംഗ് സ്റ്റേഷനുകളിൽ നിന്നും വോട്ടിംഗ് ശതമാനം ആപ്പിലൂടെ ലഭിക്കും.

ഇതിലൂടെ പോളിംഗ് സ്റ്റേഷനിലേക്ക് നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർ അവിടെ എത്തി, തിരിച്ചെത്തുന്നത് വരെയുള്ള വിവരങ്ങൾ തത്സമയം അറിയാനാകും.

**വോട്ട് രേഖപ്പെടുത്തുന്നതിനുള്ള തിരിച്ചറിയൽ രേഖ**

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനായി ചുവടെ പറയുന്ന രേഖകളിൽ ഏതെങ്കിലും ഹാജരാക്കേണ്ടതാണ്.

1. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ നൽകിയിട്ടുള്ള വോട്ടർ തിരിച്ചറിയൽ കാർഡ്
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പ്
3. പാസ്പോർട്ട്
4. ഡ്രൈവിംഗ് ലൈസൻസ്
5. പാൻകാർഡ്
6. ആധാർകാർഡ്
7. ഫോട്ടോ പതിച്ച എസ്.എസ്.എൽ.സി ബുക്ക്
8. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
9. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്ക് ആറു മാസക്കാലയളവിന് മുൻപ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ് ബുക്ക്

ഇതിന് പുറമെ പ്രത്യേക ഉത്തരവിലൂടെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിക്കുന്ന മറ്റേതെങ്കിലും തിരിച്ചറിയൽ രേഖ

**വോട്ടെണ്ണൽ**

വോട്ടെണ്ണലിന് നിശ്ചയിച്ച ദിവസം രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും.

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് തിരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിലുള്ള കൗണ്ടിംഗ് കേന്ദ്രത്തിലാണ് നടക്കുക. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവടങ്ങളിലെ വോട്ടെണ്ണൽ അതാത് സ്ഥാപനങ്ങൾ ക്കായുള്ള വോട്ടെണ്ണൽ കേന്ദ്രത്തിൽ നടക്കും.

**കൗണ്ടിംഗ് ഏജന്റ്**

ഒരു സ്ഥാനാർഥിക്കോ അയാളുടെ തിരഞ്ഞെടുപ്പ് ഏജന്റിനോ വോട്ടെണ്ണൽ മേശയുടെ എണ്ണത്തിന് തുല്യമായ എണ്ണം ആളുകളെ കൗണ്ടിംഗ് ഏജന്റുമാരായി വരണാധികാരിക്ക് നോട്ടീസ് നൽകി നിയമിക്കാം.


**തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം**

വോട്ടെണ്ണൽ ഫലം വരണാധികാരിയാണ് പ്രഖ്യാപിക്കുക. ഓരോ വാർഡിലും ആദ്യം പോസ്റ്റൽ വോട്ട് എണ്ണും. അതിനെ തുടർന്ന് ഇ.വി.എം. ലെ ഫലം പരിശോധിക്കും. ഓരോ വാർഡിലെയും വോട്ടെണ്ണൽ പൂർത്തിയാകുന്ന മുറയ്ക്ക് ഫലം വരണാധികാരി പ്രഖ്യാപിക്കും.

**തിരഞ്ഞെടുപ്പ് ഫലം (TREND)**

തിരഞ്ഞെടുപ്പ് ഫലം തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് സൈറ്റിലെ TREND -ൽ തത്സമയം അറിയാവുന്നതാണ്.
https://www.sec.kerala.gov.in/public/te/










ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കണ്ണൂർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗം - ലീപ് കേരള, കണ്ണൂർ